# അൽ ഹഖ്

AHMADIYYA LOVE FOR ALL HATRED FOR NONE NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ആഗസ്ത് 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ



ഏകദിന വൈജ്ഞാനിക തർബിയ്യത്ത് ക്യാമ്പ് നടത്തി

നാലാം പേജിൽ

നിഷേധവും, അമിത പ്രതികരണവും

ആറാം പേജിൽ

പാക്കിസ്ഥാൻ: മതഭീകരതയുടേയും അരാജകത്വത്തിന്റേയും നാട്

ഏഴാം പേജിൽ

പിന്നിട്ട നാളുകൾ

മുഹമ്മദ് സാഹിബ്



എട്ടാം പേജിൽ

വാർത്താവിശകലനം ഷാജിർ അഹ്മദ്

എദ് ഹുസൈൻ; ദ ഇസ്‌ലാമിസ്റ്റ്

തസ്‌ലിമയും ലജ്ജയും


# അല്ലാഹുവിന്റെ മുന്നറിയിപ്പുകൾ അവഗണിക്കാതിരിക്കുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**



**ക**ഴിഞ്ഞദിവസം ഹോളണ്ടിലെ ഒരു രാഷ്ട്രീയനേതാവ് **ശിൽദ് ബിൽഡർ** ഒരു പ്രസ്താവന ഇറക്കിയിരുന്നു. അയാളുടെ മനസ്സിലുള്ള വെറുപ്പും പകയും അതിലൂടെ മറനീക്കി പുറത്തുവന്നിരിക്കുകയാണ്. അത് നിങ്ങളിൽ പലരും കേട്ടിട്ടുണ്ടാകും. എന്തായാലും ലോകവും അയാളുടെ അവസ്ഥ അറിഞ്ഞോട്ടെ! അയാൾ എഴുതുന്നു: ‘‘ആളുകൾ സത്യം സ്വയം മനസ്സിലാക്കണമെന്നാണ് എന്റെ ആഗ്രഹം.” (ഇതിൽനിന്ന് വളരെ തന്ത്രപരമായിട്ടാണ് ഇവർ കാര്യങ്ങൾ നീക്കുന്നതെന്ന് മനസ്സിലാക്കാം) പിന്നീട് പറയുന്നു: ‘‘ഇക്കാര്യത്തിന്റെ തുടക്കം മുഹമ്മദ്(സ)ൽ നിന്നാണ്. മുസ്‌ലിംകൾ സ്നേഹത്തിന്റെ പുരുഷനായിട്ടാണ് മുഹമ്മദിനെ സമർപ്പിക്കുന്നത്. വാസ്തവത്തിൽ അയാൾ അങ്ങനെയായിരുന്നില്ല. മക്കയിൽ ജീവിച്ചിടത്തോളം അയാളിൽ സ്നേഹമുണ്ടായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ കാലം കഴിയുന്തോറും പ്രത്യേകിച്ച് മദീന ജീവിതകാലത്ത് ഘട്ടം ഘട്ടമായി അക്രമങ്ങളിലേക്ക് ചാഞ്ഞുകൊണ്ടിരുന്നതായിട്ടാണ് കാണുന്നത്” നഊദുബില്ലാഹ്.

പിന്നീട് എഴുതുന്നു: “9-ാമത്തെ അധ്യായത്തിന്റെ 5-ാമത്തെ വചനത്തിൽ എങ്ങനെയാണ് ക്രിസ്ത്യാനികളോടും യഹൂദികളോടും മതപരിത്യാഗികളോടും അക്രമം ചെയ്തിരിക്കുന്നതെന്ന് നിങ്ങൾക്കു കാണാം. മിക്കവചനങ്ങളും പരസ്പരവിരുദ്ധങ്ങളാണ്.” പിന്നീട് ബൈബിളിനെ പുകഴ്ത്തിപറഞ്ഞിട്ടുമുണ്ട്. ഞാനിപ്പോൾ അതിനെക്കുറിച്ച് പറയുന്നില്ല. ആ വിഷയം വേറൊന്നാണ്. തുടർന്ന് എഴുതുന്നു. “ഖുർആനിൽ ഭരണവും മതവും തമ്മിൽ വെവ്വേറെ ഭാവനയില്ല. ഇതിനെ നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുകയുമില്ല. മുഹമ്മദ്(സ) നഊദുബില്ലാഹ് അക്രമിയായിരുന്നു. ഖുർആൻതന്നെയും അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന മതഗ്രന്ഥമാണ്.”

മറ്റൊരു പത്രത്തിൽ എഴുതുന്നു. “ദൈവത്തിനെ ആരാധിക്കുക എന്നു പറയുന്നത് കേട്ട് കേട്ട് ക്ഷമ നശിച്ചിരിക്കുന്നു.” പത്രപ്രസ്താവന നടത്തിക്കൊണ്ട് ശിൽദ് ബിൽഡർ ഖുർആൻ കണ്ടുകെട്ടണമെന്ന അഭിപ്രായം മാത്രമല്ല പറഞ്ഞത്. മറിച്ച്, രാഷ്ട്രീയനേതാക്കന്മാരെ, അക്രമികളായ മുസ്‌ലിംകൾക്ക് താമസിക്കാൻ നാട്ടിൽ സ്ഥലം നല്കുന്നുവെന്ന് പറഞ്ഞ് വിമർശിക്കുകയും ചെയ്തിട്ടുണ്ട്. അതായത്, ഒരു ലാത്തികൊണ്ട് എല്ലാവരേയും തെളിക്കുകയാണ് അയാൾ.

അയാൾ പറഞ്ഞു, ‘‘ഇസ്‌ലാമിനെക്കൊണ്ട് ഞാൻ സഹികെട്ടിരിക്കുന്നു. ഒരു മുസ്‌ലിമും പലായനം ചെയ്ത് ഇനി ഇവിടെ വരാൻ പാടില്ല. ഹോളണ്ടിൽ, അല്ലാഹുവിന്റെ ആരാധന കേട്ടുകേട്ട് ഞാൻ സഹികെട്ടുപോയിരിക്കുകയാണ്. ഹോളണ്ടിലെ ഖുർആന്റെ ചർച്ചകേട്ട് ക്ഷമയില്ലാതായിരിക്കുന്നു. നഊദുബില്ലാഹ്. ഈ ഫാസിസ്റ്റ് ഗ്രന്ഥം കണ്ടുകെട്ടേണ്ടതാണ്.” യഥാർത്ഥത്തിൽ ഫാസിസം ഇയാൾ തന്നെയാണ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്.

നബി(സ)തിരുമേനിയുടെ മേലാണ് ആദ്യം ആരോപണമുന്നയിച്ചത്. അതായത്, പ്രായംകൂടുന്നതനുസരിച്ച് ആ മഹാത്മാവ് അക്രമത്തിലേക്ക് ചാഞ്ഞു

(ശേഷം 5-ാം പേജിൽ)

# അഹ്മദിയ്യാ ജമാഅത്തിനു മുകളിൽ അനുഗ്രഹവർഷം തുടരുന്നു

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇപ്പോൾ 189 രാഷ്ട്രങ്ങളിലേക്ക് വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യത്തിനെ തുടച്ചുനീക്കുമെന്ന് പറഞ്ഞുകൊണ്ട് സകല ശ്രമവും നടത്തിയ 1984-നു ശേഷം ഇന്നുവരെ 98 പുതിയ രാഷ്ട്രങ്ങളിൽ ജമാഅത്ത് പരന്നിരിക്കുകയാണ്. ഈ വർഷവും 4 പുതിയ രാഷ്ട്രങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നിരിക്കുന്നു.

മുബല്ലിഗുമാരില്ലാത്തതും നിരന്തരം ബന്ധപ്പെടാൻ കഴിയാതിരുന്നതുമായ 33 രാജ്യങ്ങളിൽ ഈ വർഷം തബ്‌ലീഗ് സംഘങ്ങളെ അയച്ചുകൊണ്ട് തർബിയ്യത്ത് പരിപാടികൾ



നടത്താനും ചില സ്ഥലങ്ങളിൽ മുബല്ലിഗുമാരെ നിയമിക്കാനും സാധിച്ചിട്ടുണ്ട്. ഈ വർഷം പാക്കിസ്ഥാനു പുറമെ ലോകത്ത് 653 പുതിയ ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. ഇതിനുപുറമെ 631 പുതിയ സ്ഥലങ്ങളിൽ ആദ്യമായി അഹ്മദിയ്യത്തിന്റെ ചെടി നടാനും സാധിച്ചിട്ടുണ്ട്. പുതിയ ജമാഅത്തുകളുടെ രൂപീകരണത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത് നില്ക്കുന്നു. ഇവിടെ 154 ജമാഅത്തുകളാണ് പുതുതായി സ്ഥാപിതമായിരിക്കുന്നത്. 97 സ്ഥലങ്ങളിൽ ജമാഅത്ത് സ്ഥാപിച്ച ബെനിൻ രണ്ടാം സ്ഥാനത്ത് നില്ക്കുന്നു. കഴിഞ്ഞവർഷങ്ങളിൽ ജമാഅത്തിൽ ചേർന്ന നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിക്കാനും ഈ വർഷം സാധിച്ചിട്ടുണ്ട്. ഈ രംഗത്ത് ഘാന അഹ്മദിയ്യാ ജമാഅത്താണ് മുന്നിട്ടുനില്ക്കുന്ന

(ശേഷം 5-ാം പേജിൽ)

# ഖിലാഫത്ത് സ്ഥാപിക്കാൻ സമ്മേളനം

**ഇന്തോനേഷ്യ:** ഹിസ്ബുതാഹിർ എന്ന ഇസ്‌ലാമിക സംഘടനയുടെ ആഭിമുഖ്യത്തിൽ ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ നടന്ന സമ്മേളനത്തിൽ ഏകദേശം 60,000ത്തോളം പേർ പങ്കെടുത്തു. ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക പ്രവർത്തകരുടെ എക്കാലത്തേയും വലിയ ഒത്തുകൂടലായിട്ടാണ് ഹിസ്ബുതാഹിർ ഇതിനെ വിശേഷിപ്പിച്ചത്. അറേബ്യൻ മുസ്‌ലിം രാജ്യങ്ങളെയെല്ലാം ഒന്നിപ്പിച്ച് ഒറ്റരാജ്യമാക്കിക്കൊണ്ട് ഖിലാഫത്ത് സംവിധാനത്തിന്റെ പുനഃസ്ഥാപനത്തിനായി നിലകൊള്ളുന്ന ഈ സംഘടന, എന്നാൽ പല രാജ്യങ്ങളിലും നിരോധിക്കപ്പെട്ടിരിക്കുകയാണ്.

അതേസമയം സമ്മേളനത്തിനായി വിദേശത്തുനിന്നുള്ള പ്രധാന പ്രാസംഗികരെ ഇന്തോനേഷ്യയിൽ പ്രവേശിക്കുന്നതിൽനിന്ന് വിലക്കിയിരിക്കുകയാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. ഖുർആനിൽ പ്രസ്താവിച്ചതുപോലെ, 1400 വർഷങ്ങൾക്കു മുമ്പേ, ദൈവികനിയമപ്രകാരം അറേബ്യയിൽ സ്ഥാപിതമായ ഖിലാഫത്തിനെ മാതൃകാപരമായ ഭരണസംവിധാനമായാണ് ഈ സംഘടന കാണുന്നത്. ഇവരുടെ സന്ദേശം മൗലികവും അക്രമരഹിതവുമാണെങ്കിലും ആശയപരമായി തീവ്രജിഹാദി വിഭാ

(ശേഷം 5-ാം പേജിൽ)

# മൗലാനയുടെ രക്ഷയ്ക്ക് അഹ്മദി ഡോക്ടർ

**ലാഹോർ:** പാക്കിസ്ഥാനിലെ ജമാഅത്തെ ഇസ്‌ലാമിയുടെ തീതുപ്പുന്ന നേതാവ് മൗലാനാ ഫസലുർ റഹ്മാന്റെ കടുത്ത അഹ്മദിവിരോധം കേളികേട്ടതാണ്. ഈയ്യിടെ അദ്ദേഹത്തിന് ഹൃദയസംബന്ധമായി കാര്യമായ പ്രശ്നമുണ്ടായി. ആൻജിയോപ്ലാസ്റ്ററി ചെയ്താണ് മൗലാനയുടെ ഹൃദയത്തെ രക്ഷപ്പെടുത്തിയത്. ഈ ശസ്ത്രക്രിയ നടത്തിയതാകട്ടെ, അഹ്മദിയായ ഡോ. മുബശിർ അഹ്മദും. ഇതിനുവേണ്ടിമാത്രം ഡോക്ടറെ അമേരിക്കയിൽനിന്ന് വരുത്തുകയായിരുന്നു. എന്തിനും ഏതിനും അഹ്മദികളെ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യാറുള്ള മുല്ല ഇവിടെ ഒരക്ഷരം മിണ്ടിയില്ല. സ്വന്തം ഹൃദയത്തിന്റെ കാര്യമാകുമ്പോൾ അഹ്മദിയൊന്നും പ്രശ്നമല്ലായെന്നർത്ഥം.

# ബംഗ്ലാ മുൻമന്ത്രിക്ക് തടവ്

**ധാക്ക:** ബംഗ്ലാദേശിലെ ജമാത്തുൽ മുജാഹിദിൻ എന്ന തീവ്രവാദി സംഘടനയെ സഹായിച്ചതിന്റെ പേരിൽ ഒരു മുൻമന്ത്രിയെ കോടതി 31 വർഷത്തെ തടവിന് ശിക്ഷിച്ചു. ഖാലിദാസിയ ഗവർമ്മെന്റിൽ വാർത്താവിനിമയ മന്ത്രിയായിരുന്ന അമിനുൽ ഹഖിനെയാണ് ബംഗ്ലാദേശിലെ രാജ്ഗാഹി നഗരത്തിലെ കോടതി ഈ ശിക്ഷ നല്കിയത്. തീവ്രവാദി സംഘടനയായ ജമാഅത്തുൽ മുജാഹിദിൻ ആണ് ഇസ്‌ലാമിക നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ഈയ്യിടെ ബോംബുസ്ഫോടനങ്ങൾ നടത്തിയത്. കഴിഞ്ഞ മാർച്ചുമാസം രണ്ട് ജഡ്ജിമാരെ വധിച്ചതിന്റെ പേരിൽ വധശിക്ഷ വിധിക്കപ്പെട്ട ആറ് തീവ്രവാദികളെ സഹായിച്ചുവെന്നതാണ് അമിനുൽ ഹഖിനു മീതെ ചുമത്തിയിരിക്കുന്ന കുറ്റം.

# ഖുർആൻ വാരം സമാപിച്ചു

**അലനല്ലൂർ:** നന്മതിന്മകളെ തിരിച്ചറിഞ്ഞ് ദൈവപ്രീതി ലക്ഷ്യമാക്കി ജീവിത വിജയം നേടാൻ വിശുദ്ധ ഖുർആന്റെ മാർഗ്ഗദർശനം സഹായകമാകുമെന്ന് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എച്ച്.എ അഭിപ്രായപ്പെട്ടു. തിന്മ ചെയ്യാനുള്ള മാനസികേച്ഛയെ നിയന്ത്രിച്ചുകൊണ്ട് സൽപന്ഥാവിലേക്ക് കാലൂന്നുകയാണെങ്കിൽ അതിനെ നന്മയാക്കി മാറ്റാൻ കഴിയുമെന്നാണ് വാഗ്ദത്ത മസീഹ്(അ) അരുൾ ചെയ്തിട്ടുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വിശുദ്ധഖുർആൻ വെളിപ്പെടുത്തുന്ന 'ലൈലത്തുൽ ഖദ്ർ' റമസാനുമായി മാത്രം ബന്ധിതമല്ലെന്നും ദൈവസ്നേഹം മാത്രം ലക്ഷ്യമാക്കി സൽക്കർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ ഓരോ ദിനങ്ങളും ലൈലത്തുൽ ഖദ്റിന്റെ രാവുകളാക്കി മാറ്റാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കി ജീവിതം നയിക്കുമ്പോഴാണ് ഇതിന് സാധ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 9.7.07–ന് സംഘടിപ്പിച്ച വിശുദ്ധഖുർആൻ വാരാചരണത്തിന്റെ സമാപനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മൗലവി കെ.ഖമറുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. ഖാദിയാൻ മദ്രസ അഹ്മദിയ്യാ വിദ്യാർത്ഥി സി.എച്ച് നിഷാദ് അഹ്മദ് പ്രസംഗിച്ചു. ആരംഭത്തിൽ സി.പി. സിദ്ദീഖ് സാഹിബ് ഖുർആൻ പാരായണം നടത്തി. സി. സിറാജുൽമുനീർ ഉർദുഗാനം കേൾപ്പിച്ചു. പ്രാദേശിക ജമാഅത്ത് പ്രസിഡന്റ് എം. അബ്ദുൽ ബശീർ സാഹിബ് നന്ദി പറഞ്ഞു.

3.7.07–നാണ് പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിലുള്ള വിശുദ്ധ ഖുർആൻ വാരത്തിന് തുടക്കം കുറിച്ചത്. ഒന്നാം ദിവസം മൗലവി കെ. ഖമറുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. എം. റിഷാദ് ഖുർആൻ ഓതി. പ്രാദേശിക ജമാഅത്ത് ഭാരവാഹികളായ സി. മുഹമ്മദ് സാഹിബ്, വി.ടി. ബശീർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

4.7.07–ന് രണ്ടാം ദിവസം പ്രാദേശിക ജമാഅത്ത് പ്രസിഡന്റ് എം. അബ്ദുൽ ബശീർ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എം. മുബാറക് അഹ്മദ് ഖിറാത്ത് നടത്തി. എം. റബിഅ് അഹ്മദ് പദ്യം ചൊല്ലി. സി.എസ്. ഇല്യാസ് അഹ്മദ്, സി. ബശീർ അഹ്മദ്, സി.പി. സിദ്ദീഖ്, വി.ടി. ബശീർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

# ഖുർആൻ വാരം നടത്തി

**മുറിയക്കണ്ണി:** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലായ് 7–ാം തിയ്യതി മുതൽ എല്ലാ ദിവസവും മഗ്രിബിനു ശേഷം ഖുർആൻവാര യോഗങ്ങൾ നടക്കുകയുണ്ടായി.

കെ. അയമു മാസ്റ്റർ സാഹിബ്, ഏ.പി. ഇഫ്തിഖാറുദ്ദീൻ സാഹിബ്, കെ. ശംസുദ്ദീൻ സാഹിബ്, ടി. കുഞ്ഞിതുമാസ്റ്റർ സാഹിബ്, കെ.ബശീർ സാഹിബ് എന്നിവർ അധ്യക്ഷത വഹിച്ചു. കെ. മുഹ്സിൻ അഹ്മദ് സാഹിബ്, കെ. മുബീൻ അഹ്മദ് സാഹിബ്, ടി. ഹംസ റിഷാൽ, ടി. മുസഫർ അഹ്മദ്, കെ. ബാസിൽ അഹ്മദ്, ടി. താഹിർ അഹ്മദ്, ടി. മുസദ്ദിഖ് അഹ്മദ് എന്നിവർ ഖുർആൻ പാരായണം നടത്തി. ടി. ഹംസറിഷാൽ, ടി. നസീം അഹ്മദ്, കെ. ബശീറുദ്ദീൻ ശംസ്, പി. തൻവീർ അഹ്മദ്, പി. അബ്ദുസ്സലാം സാഹിബ് എന്നിവർ പദ്യം ആലപിച്ചു.

മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് (ഖുർആന്റെ ലക്ഷ്യം), മൗലവി കെ. ഖമറുദ്ദീൻ സാഹിബ് (സത്യവിശ്വാസികളുടെ ലക്ഷണം വിശുദ്ധഖുർആനിൽ), പി. നൗഷാദ് സാഹിബ്, ജാമിഅഃ ഖാദിയാൻ (നബിതിരുമേനി(സ)യുടെ ഖുർആനിനോടുള്ള സ്നേഹം), മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് (ദൈവാസ്തിക്യം വിശുദ്ധഖുർആനിൽ), മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി (ഖുർആന്റെ അഭൗമികജ്ഞാനം നേടാനുള്ള മാർഗ്ഗം), സയ്യിദ് മുല്ലക്കോയതങ്ങൾ, മഞ്ചേരി (ഖുർആന്റെ മഹാത്മ്യം), നാസിർ സാഹിബ്, കൊച്ചി (ഖുർആനും ബൈബിളും), സുൽത്വാൻ നസീർ സാഹിബ്, ജാമിഅഃ ഖാദിയാൻ (ഖുർആൻ ദൈവീകഗ്രന്ഥം), മൗലവി പി. മുഹമ്മദ് യൂസുഫ് സാഹിബ് (ഖുർആനും നമ്മുടെ കടപ്പാടും), സി. നിഷാദ് അഹ്മദ്, ജാമിഅഃ ഖാദിയാൻ (ഖുർആൻ മഹത്തായ ഗ്രന്ഥം) എന്നിവർ വിവിധ ദിവസങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി.

സമാപന ദിവസം യോഗനടപടികൾക്കുശേഷം ജമാഅത്തിലെ ഖുർആൻ ഓതിത്തീർത്ത കുട്ടികളുടേയും യസ്സർനൽഖുർആൻ പൂർത്തിയാക്കി ഖുർആൻ ആരംഭിച്ചവരുടേയും ആമീൻ (ദുആ) സംഘടിപ്പിച്ചു. ശേഷം ചായയും മധുരപലഹാര വിതരണവും നടത്തി.

**മഞ്ചേരി:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 9 മുതൽ 15 വരെ ഖുർആൻവാര യോഗം സംഘടിപ്പിച്ചു. 9–ന് വൈകുന്നേരം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി.പി. ഹസ്സൻകോയ സാഹിബ് അധ്യക്ഷത വഹിച്ചു. എസ്.വി. ശബീൽ അഹ്മദ് ഖുർആൻ പാരായണം നടത്തി. മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് 'ദൈവാസ്തിക്യം ഖുർആനിൽ' എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ മൗലവി കെ. സിദ്ദീഖ് സാഹിബ് (ഖുർആൻ എന്ത്? എന്തിന്, നബി വചനങ്ങളുടെ വെളിച്ചത്തിൽ), മൗലവി എം. സഫർ അഹ്മദ് സാഹിബ് (ഖുർആനിലെ പ്രവാചകവൃത്താന്തങ്ങൾ), മൗലവി ടി.കെ. മഹ്മൂദ് സാഹിബ് (വർത്തമാനകാലം വിശുദ്ധഖുർആനിൽ), മൗലവി സി.പി. മൊയ്തീൻകുട്ടി സാഹിബ് (ഖുർആനിലെ ശാസ്ത്രസൂചനകൾ), മൗലവി പി. അബ്ദുന്നാസിർ സാഹിബ് (വിശുദ്ധഖുർആനും ഹദ്റത്ത് അഹ്മദ്(അ)യും), മൗലവി എച്ച് ശംസുദ്ദീൻ സാഹിബ് (ഖുർആൻ മോക്ഷത്തിന്റെ മാർഗ്ഗം) എന്നീ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. അബ്ദുൽ ഫത്താഹ്, ഹസ്സൻ, കെ. മുബാറക് അഹ്മദ്, അബ്ദുൽ വദൂദ് തങ്ങൾ, എം. അബ്ദുശഫീഖ്, ടി.എം.എസ്സ് മുല്ലക്കോയ തങ്ങൾ, അബ്ദുൽ ഹാദി തങ്ങൾ എന്നിവർ ഖുർആൻ പാരായണം ചൊല്ലി. കെ. മുബാറക് അഹ്മദ്, അബ്ദുൽഹാദി എന്നിവർ പദ്യം ചൊല്ലി. കെ. മുബാറക് അഹ്മദ്, സി.എച്ച്. അബ്ദുൽ ഗഫൂർ സാഹിബ്, എം. അശ്റഫ് സാഹിബ്, ടി.കെ. അമീറലി, ടി.എം.എസ്സ് മുല്ലക്കോയ തങ്ങൾ, പി.പി. ഹസ്സൻകോയ സാഹിബ് എന്നിവർ വിവിധ ദിവസങ്ങളിൽ അധ്യക്ഷത വഹിച്ചു.

# അൻസാറുള്ളാ മലപ്പുറം മേഖലാ ഇജ്തിമാഅ്

**മലപ്പുറം:** മജ്‌ലിസ് അൻസാറുല്ലാഹ് മലപ്പുറം മേഖല ഏകദിന ഇജ്തിമാഅ് 12.08.07–ന് കരുളായി മസ്ജിദിൽവെച്ച് നടത്തി. ഇജ്തിമാഅ് രാവിലെ 9.40–ന് മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്തു. നാസിം ഇലാഖ സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് അധ്യക്ഷത വഹിച്ചു. ടി.കെ. മഹ്മൂദ് സാഹിബിന്റെ ഖുർആൻ പാരായണത്തിനുശേഷം ഇലാഖ നാസിം സത്യവാചകം ചൊല്ലിക്കേൾപ്പിച്ചു. സി.കെ. ഖമറുദ്ദീൻ സാഹിബിന്റെ സ്വാഗതഗാനത്തിനു ശേഷം സി.എച്ച്. സിദ്ദീഖ് സാഹിബ് സ്വാഗതം പറഞ്ഞു. ടി.കെ. മുഹമ്മദ് (കുഞ്ഞു) സാഹിബ് പദ്യം ചൊല്ലി. നായിബ് നാസിം ഉമൂമി റിപ്പോർട്ട് അവതരിപ്പിച്ചു. ഹുസൂർ തിരുമനസ്സിൽ നിന്നുള്ള സന്ദേശം മൗലവി ടി.കെ. മഹ്മൂദ് സാഹിബ് വായിച്ചുകേൾപ്പിച്ചു. ചീഫ് മിഷണറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് 'അൻസാറുല്ലായുടെ ഉത്തരവാദിത്തങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. മൗലവി കെ. സിദ്ദീഖ് സാഹിബ് ആശംസാപ്രസംഗം ചെയ്തു. വൈജ്ഞാനിക മത്സരങ്ങൾക്കുശേഷം നടന്ന തർബിയ്യത്ത് യോഗത്തിൽ ടി.കെ. മഹ്മൂദ് സാഹിബ് അധ്യക്ഷത വഹിച്ചു. ടി.കെ. മുബാറക് സാഹിബ് ഖുർആൻ പാരായണം ചെയ്തു. 'തഅ്ലീമുൽ ഖുർആൻ വഖ്ഫെനൗ' എന്ന വിഷയത്തെക്കുറിച്ച് മൗലവി സി.പി. മൊയ്തീൻകുട്ടി സാഹിബ് ക്ലാസ്സെടുത്തു. തുടർന്ന് 'ഖിലാഫത്തിന്റെ അനുഗ്രഹവും, ജമാഅത്ത് വ്യവസ്ഥിതിയും' എന്ന വിഷയത്തെക്കുറിച്ച് മൗലവി പി. അബ്ദുന്നാസിർ സാഹിബ് ക്ലാസ്സെടുത്തു. നായിബ് നാസിം പി. അബ്ദുൽ അമീർ സാഹിബ് അധ്യക്ഷനായിരുന്നു. സമാപന സമ്മേളനത്തിൽ നാസിം ഇലാഖ അധ്യക്ഷത വഹിച്ചു. ടി.എം.എസ്സ്. മുല്ലക്കോയ തങ്ങൾ ഖുർആൻ പാരായണം ചെയ്തു. സി.കെ. ഖമറുദ്ദീൻ സാഹിബ് പദ്യം ചൊല്ലി. സോണൽ അമീർ സാഹിബ്, മൗലവി മുഹമ്മദ് അയൂബ് സാഹിബ് എന്നിവർ ഉദ്ബോധനപ്രസംഗങ്ങൾ നടത്തി. മത്സരവിജയികൾക്കുള്ള സമ്മാനദാനം അമീർസാഹിബും, മൗലവി മുഹമ്മദ് അയൂബ് സാഹിബും വിതരണം ചെയ്തു. ടി.കെ. മുഹമ്മദ് സാഹിബിന്റെ നന്ദിപ്രകടനത്തിനുശേഷം ദുആയോടുകൂടി 4.40–ന് സമാപിച്ചു.

***മത്സരവിജയികൾ***

*ഖുർആൻ പാരായണം, അറബിപദ്യം–* ടി.എം. എസ്സ്. മുല്ലക്കോയതങ്ങൾ, മഞ്ചേരി.

*ഉറുദു, മലയാളം പദ്യം–* സി.കെ. ഖമറുദ്ദീൻ സാഹിബ്, കരുളായി.

# സ്വാതന്ത്ര്യദിനാഘോഷം

**കൂടാളി:** കൂടാളി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. ഇതോടനുബന്ധിച്ച് കോയ്യോടൻചാൽ ബസ്റ്റോപ്പ് ശുചീകരിക്കുകയും പായസവിതരണം നടത്തുകയും ചെയ്തു. ശ്രദ്ധേയമായ ഈ പരിപാടിയിലൂടെ സ്വരാജ്യത്തോടുള്ള അഹ്മദികളുടെ ആത്മാർപ്പണവും, സ്നേഹവും നാടിനെ കോൾമയിർക്കൊള്ളിച്ചു. പരിപാടിക്ക് മുഹമ്മദ് റിയാസ്, ഷെഹൻഷ എന്നിവർ നേതൃത്വം നല്കി.

# ഖത്മുൽ ഖുർആൻയോഗം

**കൂടാളി:** 2007 ജൂലൈ 18–ന് അസ്വ്ർ നമസ്കാരത്തിനുശേഷം കൂടാളി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖത്മുൽ ഖുർആൻയോഗം സംഘടിപ്പിച്ചു. ഖുർആൻ പാരായണവും പദ്യവും ആലപിച്ചതിനുശേഷം മൗലവി കെ.വൈ. ശംസുദ്ദീൻ സാഹിബ്, മൗലവി കെ.അബ്ദുസ്സലാം എന്നിവർ ഖുർആൻ പഠനത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ജമാഅത്ത് പ്രസിഡന്റ് ജനാബ് സി.എം. ഹസ്സൻ സാഹിബ് അധ്യക്ഷം വഹിച്ചു. പരിശുദ്ധഖുർആൻ ഒരു പ്രാവശ്യം ഓതിത്തീർത്ത പതിനാല് കുട്ടികളെകൊണ്ട് ഖുർആന്റെ വ്യത്യസ്ത ഭാഗങ്ങളിൽനിന്ന് ഓതിക്കേൾപ്പിച്ചു. പ്രസിഡന്റ് സാഹിബിന്റെ പ്രഭാഷണത്തിനു ശേഷം കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഖുർആൻ ഓതിത്തീർത്ത കുട്ടികൾ താഴെ പറയുന്നവരാണ്.

1. കെ. അബ്ദുറാഫി (2) പി.കെ. നൂഹ് അഹ്മദ് (3) എം.പി. ശഹ്സാദ് ഹനീഫ് (4) എം.പി. ഇഫ്ത്തിഖാർ അഹ്മദ് (5) എം.പി. നിഹാൽ അഹ്മദ് (6) വി.പി. നിശാദ് അഹ്മദ് (7) എം.പി. റിസ്വാൻ അഹ്മദ് (8) എം.പി. നസൽ അഹ്മദ് (9) അസിം അഹ്മദ് (10) യു. സനൂബ് (11) യു. ഫാത്തിമാ ബശീർ (12) വി.പി.സാനിയാസഫർ (13) വി.പി. നൗറിൻ (14) സാനിയസഫീർ അഹ്മദ്.

# അമേരിക്കയിലെ അഹ്മദിയ്യാ ഫാം

**ന്യൂയോർക്ക്:** ന്യൂയോർക്കിനടുത്ത വാക്കോഴ്സ് വില്ലിയിലെ നിക്കോസമസ് ഫാം എന്ന 274 ഏക്കർ തോട്ടം അഹ്മദിയ്യാ ജമാഅത്ത് വിലയ്ക്കുവാങ്ങുന്നു. ഈ വില്പനയെ കഴിഞ്ഞയാഴ്ച ചേർന്ന വാക്കേഴ്സ് വില്ലി ടൗൺ മീറ്റിംങ്ങിൽ വെച്ച് ടൗൺപ്ലാനർ പ്രഖ്യാപിക്കുകയും ചെയ്തു. ഈ ഫാമിനെ എങ്ങനെയാണ് ഉപയോഗിക്കുന്നതെന്ന് അഹ്മദിയ്യാ നേതാക്കൾ സ്ഥലത്തെ ടൗൺ ഹാളിൽ ചേരുന്ന മീറ്റിംങ്ങിൽവച്ച് വിശദീകരിക്കും. പൊതുജനങ്ങൾക്ക് അവരുടെ സംശയങ്ങൾ ദൂരീകരിക്കാനാണ് ഈ നടപടി. വാർഷിക സമ്മേളനങ്ങൾക്ക് ഉപകരിക്കാനാണ് ഈ സ്ഥലം വാങ്ങുന്നതെന്ന് അഹ്മദി നേതാക്കൾ പിന്നീടറിയിച്ചു.

# മിസാലി വഖാറെ അമൽ

**മജ്‌ലിസ്** ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ 8.7.07 ഞായറാഴ്ച ഒറ്റപ്പാലം സർക്കാർ ബധിരവിദ്യാലത്തിൽ ഏകദിന മിസാലി



*മേഖലാ ആമീർ പ്രൊഫ. അബ്ദുൽ കരീം സാഹിബ് വഖാറെ അമൽ ഉദ്ഘാടനം ചെയ്യുന്നു.*

വഖാറെ അമൽ സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ല ഉൾപ്പെടുന്ന പാലക്കാട് മേഖലയിലെ 9 മജ്‌ലിസുകളിൽനിന്നായി 70 ഖാദിംകൾ ആദ്യാവസാനം ആവേശത്തോടെ ഈ പരിപാടിയിൽ ഭാഗഭാക്കായി.

130 കുട്ടികൾ പഠിക്കുന്ന ഈ ഹൈസ്കൂൾ വിദ്യാലയത്തിന് ഹോസ്റ്റൽ സൗകര്യമുണ്ട്. കേരളത്തിൽ വ്യാപകമായ പനിയും മറ്റു വർഷകാല രോഗങ്ങളും ഇവിടുത്തെ വിദ്യാർത്ഥികളേയും ബാധിച്ചിരുന്നു. ഹോസ്റ്റലിനും, സ്കൂളിനും ചുറ്റും വളർന്നുനിന്നിരുന്ന പൊന്തക്കാടുകളും, മലിന ജലം കെട്ടിക്കിടന്നിരുന്ന അഴുക്കുചാലുകളും രോഗം

(3–ാം പേജിൽ)

# ഏകദിന വൈജ്ഞാനിക തർബിയ്യത്ത് ക്യാമ്പ് നടത്തി




*ദഅ്വത്തെ ഇലല്ലാഹ് കേന്ദ്ര പ്രതിനിധി മൗലവി മുബശിർ അഹ്മദ് സാഹിബ് സദസിനെ അഭിസംബോധന ചെയ്യുന്നു.*

**മാത്തോട്ടം:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനരൂപരേഖയുടെ അടിസ്ഥാനത്തിൽ മാത്തോട്ടം, കോഴിക്കോട് ടൗൺ ഖുദ്ദാമുൽ അഹ്മദിയ്യാകളുടെ ആഭിമുഖ്യത്തിൽ ഏകദിന വൈജ്ഞാനിക തർബിയ്യത്ത് ക്യാമ്പ് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ സംഘടിപ്പിക്കുവാൻ സാധിച്ചു. (അൽഹംദുലില്ലാഹ്) 15.8.07 ബുധനാഴ്ച സ്വാതന്ത്ര്യദിനത്തിൽ മാത്തോട്ടം മിഷൻ ഹൗസിൽവച്ച് സംഘടിപ്പിക്കപ്പെട്ട പ്രസ്തുത പരിപാടി വിജ്ഞാനപ്രദവും, ഖാദിമീങ്ങളിൽ ആത്മീയ ജ്ഞാനം വർദ്ധിപ്പിക്കുന്നതിനും പരസ്പരസ്നേഹബന്ധം ഊട്ടിയുറപ്പിക്കുന്നതിനും സഹായകമായി.

രാവിലെ 10 മണിക്ക് കോഴിക്കോട് ജില്ലാ ഖാഇദ് ജലീൽ സാഹിബിന്റെ അധ്യക്ഷതയിൽ മുഖ്ത്താർ അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ഉദ്ഘാടന ചടങ്ങ് ആരംഭിച്ചു. മൗലവി സഫർ അഹ്മദ് സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

മൗലവി ഗുലാം അഹ്മദ് ഇസ്മാഈൽ സാഹിബ്, മൗലവി ജംഷാദ് സാഹിബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ചരിത്രപഠനത്തിന്റെ ആവശ്യകതയെക്കുറിച്ചും അതിന് നാം അനുവർത്തിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചും മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് തന്റെ ആശംസാ പ്രസംഗത്തിൽ ഖാദിംകളെ ഉദ്ബോധിപ്പിച്ചു. ജനാബ് ഫഹീം സാഹിബ് നസം കേൾപ്പിച്ചു. മാത്തോട്ടം ഖാഇദ് സാഹിബ് ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ഖാദിംകൾ ഏറ്റുപറഞ്ഞു.

തുടർന്ന് 11.30-ന് മൗലവി ഗുലാം അഹ്മദ് ഇസ്മാഈൽ സാഹിബിന്റെ തഅ്ലീം ക്ലാസ്സ് ആരംഭിച്ചു. ഇതിൽ അദ്ദേഹം മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളെക്കുറിച്ച് പഠനാർഹവും, ചിന്താർഹവുമായ രീതിയിൽ വിശദീകരിച്ചു.



മസീഹ് മൗഊദ്(അ) ചെറുപ്രായത്തിലേ പരന്നവായനയിലൂടെ ഗാഢമായ അറിവ് ശേഖരിച്ചിരുന്നു. വാളിന്റെ ജോലി അദ്ദേഹം തൂലികയാൽ നിർവ്വഹിക്കുകയായിരുന്നു. ഇതര എഴുത്തുകാരിൽനിന്നും അദ്ദേഹത്തെ വേറിട്ടുനിർത്തിയത് അദ്ദേഹത്തിനുണ്ടായിരുന്ന ഇൽഹാമുകളായിരുന്നു. കൃത്യം ഒരുമണിക്ക് അദ്ദേഹത്തിന്റെ ക്ലാസ്സ് അവസാനിച്ചു. തുടർന്ന് ളുഹർ, അസ്ർ നമസ്കാരം മൗലവി മുബശ്ശിർ അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ നടന്നു. നമസ്കാരാനന്തരം ഭക്ഷണം വിതരണം ചെയ്യപ്പെട്ടു.

ക്യാമ്പിന്റെ രണ്ടാമത്തെ സെഷൻ ഉച്ചക്ക് 2.30-ന് ജനാബ് മുഹ്സിൻ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ഇതിൽ അധ്യക്ഷത വഹിച്ചത് ചീഫ് മിഷണറി മുഹമ്മദ് അയ്യൂബ് സാഹിബാണ്. ഈ സെഷനിലെ ആദ്യപ്രഭാഷണം ഖാദിയാനിൽ നിന്നെത്തിയ മൗലവി മുബശ്ശിർ അഹ്മദ് സാഹിബിന്റേതായിരുന്നു. തന്റെ കേരള പര്യടനത്തിലെ ആദ്യദിനംതന്നെ ഇത്തരം വിജ്ഞാനപ്രദമായ ഒരു വേദി ലഭിച്ചതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഈ പരിശുദ്ധ ജമാഅത്തിൽ അംഗമാകാൻ കഴിഞ്ഞത് നമ്മുടെ ഭാഗ്യമാണ്. ബയ്അത്ത് നിബന്ധനകൾ പാലിച്ചുകൊണ്ട് ജീവിക്കുക എന്നത് നമ്മുടെ ബാധ്യതയാണ്. 'പൂർവ്വികന്മാരുടെ പ്രവർത്തനങ്ങളിൽനിന്ന് പ്രചോദനം

(ശേഷം 7-ാം പേജിൽ)

(2-ാം പേജിൽനിന്ന്)

മൂർച്ഛിക്കാൻ ഇടയുള്ള സാഹചര്യം മനസ്സിലാക്കിയാണ് പാലക്കാട് മേഖലയിലെ ഖാദിംകൾ വഖാറെ അമലിന് സന്നദ്ധരായത്.

വോട്ട് ബാങ്കല്ലാത്തതിനാൽ രാഷ്ട്രീയപാർട്ടികളും, പൊതുജനശ്രദ്ധ കിട്ടാൻ പ്രയാസമുള്ളതിനാൽ സന്നദ്ധ സംഘടനകളും സ്കൂളിന്റെ ശോചനീയാവസ്ഥയെ അവഗണിക്കുകയായിരുന്നു.

രാവിലെ 9.30-ന് മേഖലാ അമീർ ജനാബ് പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബ് ദുആയോടുകൂടി വഖാറെ അമൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഖാഇദ് ജനാബ് ബാസിത്ത് മുസ്ലിം സാഹിബ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഉത്തര മേഖലാ നായിബ് ഖാഇദ് കെ. ഉണ്ണീൻസാഹിബ്, നാസിംമാരായ സി. നാസിർ അഹ്മദ് സാഹിബ്, മൻസൂർ അഹ്മദ് സാഹിബ്, സക്കറിയ്യാ സാഹിബ്, പ്രാദേശിക ഖാദിയുമാരായ നാസിർ അഹ്മദ് സാഹിബ്, മുസഫ്ർ അഹ്മദ് സാഹിബ് എന്നിവർ വഖാറെ അമലിന് നേതൃത്വം നല്കി. ഖായിദുമാരായ ജനാബ് ഗുലാം അഹ്മദ് കാവശ്ശേരി, ജാഫർ സാഹിബ് കൊടുവായൂർ എന്നിവരും, മേഖലയിലുള്ള മുഅല്ലിംമാരായ ഹിദായത്തുല്ലാഖാൻ സഖാഫി, പി.എ. ഗുലാം അഹ്മദ് സാഹിബ്, റഹീം സാഹിബ് എന്നിവരും വഖാറെ അമലിൽ പങ്കെടുത്തു. മുബല്ലിഗ് ജനാബ് എച്ച്. ശംസുദ്ദീൻ സാഹിബിന്റെ സജീവ സാന്നിധ്യവുമുണ്ടായിരുന്നു.

സ്കൂൾ അധികൃതർ വഖാറെ അമലിനെ മുക്തകണ്ഠം പ്രശംസിക്കുകയും, ഇടവേളയിലെ ഭക്ഷണം അവരുടെ വകയായി നല്കുകയും ചെയ്തു. അല്ലാഹു ഈ വഖാറെ അമലിനെ ഒരു സ്വാലിഹായ അമലായി സ്വീകരിക്കുമാറാകട്ടെ. ആമീൻ.

# ഖിലാഫത്ത് ജൂബിലി ബോധവല്ക്കരണ പദ്ധതികൾ ആവിഷ്കരിച്ചു

**എറണാകുളം:** പ്രപഞ്ചനാഥനായ അല്ലാഹു വിശുദ്ധ ഖുർആനിലൂടെ സത്യവിശ്വാസികൾക്ക് വാഗ്ദാനം ചെയ്ത അതിമഹത്തായ അനുഗ്രഹമായ ഖിലാഫത്ത് വ്യവസ്ഥിതിയുടെ ഈ കാലഘട്ടത്തിലെ കത്തിജ്ജ്വലിക്കുന്ന പൂർത്തീകരണമായ അഹ്മദിയ്യാ ഖിലാഫത്ത് അടുത്തവർഷം ഒരുനൂറ്റാണ്ട് പൂർത്തിയാക്കുമ്പോൾ ലോകഅഹ്മദികളോടൊപ്പം കേരളക്കരയും അതിനെ ഇരുകൈകളും നീട്ടി എതിരേല്ക്കുകയാണ്. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയുടേയും, എറണാകുളം തിരുവനന്തപുരം മേഖലാ ജമാഅത്തുകളുടേയും സംയുക്താഭിമുഖ്യത്തിൽ ഖിലാഫത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഖാദിംകളേയും മറ്റു ജമാഅത്തംഗങ്ങളേയും ഉണർത്തുന്നതിനും അനുഗൃഹീതമായ ഖിലാഫത്ത് വ്യവസ്ഥിതിയോടുള്ള കൂറും അനുസരണവും ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടി എല്ലാ മാസങ്ങളിലും ബോധവത്ക്കരണക്ലാസ്സ് സംഘടിപ്പിക്കുകയാണ്. ജമാഅത്തിലെ 8 പേരടങ്ങുന്ന മൗലവിമാരുടെ ഒരു സംഘം ഓരോ ജമാഅത്തും സന്ദർശിച്ച് ബോധവത്ക്കരണക്ലാസ്സ് നടത്തുന്ന പരിപാടിക്ക് ജൂലൈ 22-ാം തിയ്യതി പള്ളികളിൽ തുടക്കം കുറിച്ചു. സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആസ്ഥാനമായ എറണാകുളം മസ്ജിദ് ഉമറിൽ നടന്ന തർബിയ്യത്ത് ക്ലാസ്സിൽ എം.എം. അബ്ദുർ റഹീം സാഹിബ് അധ്യക്ഷനായിരുന്നു. യുവ മുബല്ലിഗ് മൗലവി നജ്മുദ്ദീൻ സാഹിബ് 'ഖിലാഫത്ത്- ഭയത്തിനുശേഷം നിർഭയത്വം' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നിർവഹിച്ചു. സുശക്തമായ ഒരൊറ്റ നേതൃത്വത്തിൻ കീഴിൽ ലോകത്തിലെ ഏതൊരു കോണിലുള്ള ജനങ്ങളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ അഹ്മദിയ്യാ ജമാഅത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂവെന്ന് മൗലവി സാഹിബ് പറഞ്ഞു. അഹ്മദിയ്യാ ജമാഅത്തിലെ ബൈത്തുൽമാൽ സംവിധാനത്തോട് കിടപിടിക്കാവുന്ന യാതൊരു സംവിധാനവും ഇന്ന് ലോകത്തില്ല. കാക്കനാട് ബൈത്തെ താഹിറിൽവച്ച് ചേർന്ന യോഗത്തിൽ ജമാഅത്ത് പ്രസിഡന്റ് മുഹമ്മദ് മാസ്റ്റർ സാഹിബ് അധ്യക്ഷത വഹിച്ചു. മുബാഹിൽ അഹ്മദ് സാഹിബ് വിശുദ്ധഖുർആൻ പാരായണം ചെയ്തു. വസിയ്യത്ത് ചെയ്തവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് മൗലവി മുഹമ്മദ് അമീൻ സാഹിബ് ക്ലാസ്സെടുത്തു. വസിയ്യത്ത് ചെയ്തവർക്ക് ലഭിച്ച മഹത്തായ ദൈവികസഹായങ്ങളെക്കുറിച്ചും അദ്ദേഹം വിശദമാക്കുകയുണ്ടായി. പള്ളുരുത്തിയിൽ സി. നാസിറുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖാഇദ് തയ്യിബ് സാഹിബ് തിലാവത്ത് നിർവ്വഹിച്ചു. കാക്കനാട് മുബല്ലിഗ് മൗലവി അൻസാർ മഹ്ദി സാഹിബ് ഖിലാഫത്തെ റാശിദയെക്കുറിച്ച് വിശദീകരിച്ചു. ചെറിയ ചെറിയ കുഴപ്പങ്ങൾ അവഗണിച്ചു കളഞ്ഞതാണ് ആദ്യകാലത്തുണ്ടായ തകർച്ചയ്ക്ക് നിദാനമായിത്തീർന്നത്. ഈ കാര്യത്തിൽ അഹ്മദികളായ നാം ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്. മൂവാറ്റുപുഴയിൽ പ്രസിഡന്റ് ശംസുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗലവി അമീറുദ്ദീൻ സാഹിബ് ഖുർആൻ പാരായണം നടത്തി. മൗലവി മുഹ്യുദ്ദീൻ സാഹിബ് ഖിലാഫത്ത് നിഷേധികൾക്കുണ്ടായ ദയനീയമായ അന്ത്യത്തെക്കുറിച്ച് സംസാരിച്ചു. എല്ലാ കാലഘട്ടങ്ങളിലും ഖിലാഫത്തിന്നെതിരെ കലാപം നടത്തിയവർ ഉണ്ടായിട്ടുണ്ടെന്നും അവർക്കുണ്ടായിട്ടുള്ള പതനം നാം ശ്രദ്ധിക്കേണ്ടതാണെന്നും മൗലവി സാഹിബ് അഭിപ്രായപ്പെട്ടു. സുൽഫിക്കർ അലി ഭൂട്ടോ, ഫൈസൽ രാജാവ്, സിയാഉൽഹഖ് എന്നിവർ

(4-ാം പേജിൽ)

# മജ്ലിസ് അൻസാറുല്ലാ സംസ്ഥാന ഇജ്തിമാഅ്

**കോഴിക്കോട്, ആഗസ്റ്റ് 19:** മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമാഅ് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ നടത്തി. ഞായറാഴ്ച പുലർച്ചെ തഹജ്ജുദ് നമസ്കാരത്തോടെയാണ് ഏകദിന ഇജ്തിമ ആരംഭിച്ചത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള അൻസാർ സഹോദരങ്ങൾ ശനിയാഴ്ച മുതൽതന്നെ കോഴിക്കോട് എത്തിച്ചേർന്നിരുന്നു. സുബഹി നമസ്കാരത്തിനുശേഷം മൗലവി സഫർ അഹ്മദ് സാഹിബ് ഖുർആൻ ദർസ് എടുത്തു. ഞായറാഴ്ച പതാക ഉയർത്തുമ്പോഴേക്കും നിരവധി അൻസാർ സഹോദരങ്ങൾ ആവേശപൂർവ്വം എത്തിക്കഴിഞ്ഞിരുന്നു.

രാവിലെ 9.45-ന് പതാക ഉയർത്തിയതോടെ ഇജ്തിമ പരിപാടികൾ ആരംഭിച്ചു. തുടർന്ന് മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. യു.കെ. മുഹമ്മദ് യൂസുഫ് സാഹിബ് ഖുർആൻ പാരായണം നടത്തി. കോഴിക്കോട് മേഖലാ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അമീർ എം.എ. മുഹമ്മദ് സാഹിബ് ഇജ്തിമാ ഉദ്ഘാടനം ചെയ്തു. അദ്ദേഹത്തിനെ കേന്ദ്രത്തിന്റെ പ്രത്യേക പ്രതിനിധിയായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ചടങ്ങിൽ വെച്ച് മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതി പുറത്തിറക്കിയ 'നിസാബെതഅ്ലീം' എന്ന പുസ്തകം പ്രകാശനം ചെയ്തു. സംസ്ഥാന പബ്ലിക്കേഷൻ വിഭാഗം സദ്ർ പ്രൊഫ. ബി. മഹ്മൂദഹ്മദ് സാഹിബാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. തുടർന്ന് ചീഫ്മിഷനറി മൗലവി മുഹമ്മദ് അയൂബ് സാഹിബ് ആശംസാ പ്രസംഗം നടത്തി. കോഴിക്കോട് മേഖലാ അൻസാറുല്ലാഹ് നാസിം എസ്. മുഹമ്മദ് സലീം സാഹിബ് ചടങ്ങിന് സ്വാഗതം പറഞ്ഞു. നായിബ് നാസിം ഉമൂമി അഡ്വ. എം. ജലീൽ അഹ്മദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. ഐ.കെ. അഹ്മദ്കുട്ടി സാഹിബ് പദ്യം ആലപിച്ചു.

ഉദ്ഘാടന സമ്മേളനത്തിനുശേഷം ആന്ധ്രാപ്രദേശ് മുബല്ലിഗ് മൗലവി മുഹമ്മദ് സലീം സാഹിബ് 'തബ്ലീഗിന്റെ പ്രായോഗികതലം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രത്യേകിച്ച് മുസ്ലിംകൾക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചുകൊടുക്കേണ്ട ബാധ്യത മുഴുവൻ അഹ്മദികൾക്കുമുണ്ടെന്നും അതിന് എല്ലാവരും തയ്യാറാകണമെന്നും അദ്ദേഹം

(4-ാം പേജിൽ)

അൽ ഹഖ്
AHMADIYYA NEWS BULLETTIN
ആഗസ്ത് 2007 റജബ്

# അനുഗ്രങ്ങളുടെ വാതായനങ്ങൾ തുറന്നിട്ടുകൊണ്ടുള്ള റമസാൻ മാസം

മനുഷ്യന് തെറ്റുകളിൽനിന്നും മുക്തമാകാനും ദൈവവുമായി അടുത്തുകൊണ്ട് പരിശുദ്ധമായ ജീവിതം നയിക്കാനുമുള്ള അവസരങ്ങൾ അവൻ നല്കിക്കൊണ്ടിരിക്കുന്നു. റംസാൻ മാസം ഇത്തരത്തിൽ ജീവിതപരിശുദ്ധി വരുത്താനുള്ള ഏറ്റവും നല്ല അവസരമാണ്. ഈ മാസത്തിൽ അല്ലാഹു അവന്റെ അനുഗ്രഹത്തിന്റെ സകലവാതിലുകളും മനുഷ്യനായി തുറന്നിടുന്നു. മനുഷ്യൻ അതിലൂടെ അനുഗ്രഹത്തിനായി കയറണമെന്നു മാത്രം.

എന്നാൽ, ഇന്നത്തെ തലമുറ, പ്രത്യേകിച്ചും പുതിയ തലമുറ വ്രതാനുഷ്ഠാനത്തെ വളരെ ലാഘവത്തോടെയാണ് കാണുന്നത്. ഈ മാസത്തിൽ നോമ്പനുഷ്ഠിച്ചുകൊണ്ട് സ്വയം പരിശുദ്ധരാകാനും മറ്റുള്ളവരുടെ വേദനകൾ അറിയാനുമുള്ള യാതൊരു പരിശ്രമവും പല സ്ഥലങ്ങളിലും ഇന്നു കാണുന്നില്ല. ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്നാണ് യുവസമൂഹത്തിന്റെ കാഴ്ചപാട്. രക്ഷിതാക്കളും ഈ കാര്യം ഗൗരവപൂർവ്വം കാണുന്നില്ലായെന്ന ദൗർഭാഗ്യകരമായ അവസ്ഥയും നിലനില്ക്കുന്നു. നോമ്പ് തങ്ങളുടെ മക്കളുടെ പഠനത്തേയും ആരോഗ്യത്തേയും പ്രതികൂലമായി ബാധിക്കുന്നുവെന്നാണ് മുതിർന്നവരുടെ കാഴ്ചപ്പാട്. എന്നാൽ, തങ്ങളുടെ മക്കൾ ചാനലുകൾ മാറി മാറി നോക്കിയിരുന്ന് സമയം നഷ്ടപ്പെടുത്തുന്നതും മറ്റു ദുശ്ശീലങ്ങളിലേക്ക് പോകുന്നതും ഇവർ കാര്യമാക്കുന്നില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇതിൽനിന്നും വ്യതിരിക്തമാണ്. ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നല്കാൻ ഒരാത്മീയ ഖലീഫയുണ്ട് എന്നതാണതിന് കാരണം. അഹ്ദമീയുവസമൂഹം വരുന്ന റമസാൻമാസം തങ്ങളുടേതാക്കി മാറ്റാൻ പരിശ്രമിക്കേണ്ടതാണ്. ഇതരമുസ്‌ലിംകൾ നോമ്പുമാസം ആഘോഷിക്കാൻ ഒരുങ്ങുമ്പോൾ നാം അത് അനുഗ്രഹങ്ങൾ നമ്മിൽ ചൊരിയാനുള്ള ഒരവസരമാക്കി മാറ്റേണ്ടതുണ്ട്. ദുആകളും നമസ്കാരവും മുഖേന അല്ലാഹുവിന്റെ ശ്രദ്ധ നമ്മിലേക്ക് തിരിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തേണ്ടതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ വാക്കുകൾ നമുക്ക് ശക്തി പകരേണ്ടതുണ്ട്. അദ്ദേഹം പറഞ്ഞു:

“നോമ്പിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യാത്തവരായി ആരുമുണ്ടാകരുത്. രാത്രികാലങ്ങളിൽ നഫൽ നമസ്കാരങ്ങളിലും പ്രാർത്ഥനകളിലും അധികമായി പങ്കെടുക്കേണ്ടതും നന്മകൾ സ്വായത്തമാക്കേണ്ടതുമാണ്. റംസാൻ മാസത്തിൽ എന്തൊക്കെ അനുഗ്രഹങ്ങളും നന്മകളുമാണോ അല്ലാഹു നമുക്ക് തരുന്നത് അവയൊക്കെ അനുഭവിക്കാനും അനുഷ്ഠിക്കാനും നാം തയ്യാറായിരിക്കേണ്ടതാണ്.”

അതെ, നമുക്കതിന് തയ്യാറായിരിക്കാം. അതുവഴി ലോകത്ത് സമാധാനസന്ദേശം- ഇസ്‌ലാമിന്റെ സന്ദേശം- പരത്താൻ നമുക്ക് ശ്രദ്ധിക്കാം. അല്ലാഹു അതിന് അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# നിഷേധവും, അമിത പ്രതികരണവും

വിഖ്യാത ഷേക്സ്പിയറിയൻ കഥാപാത്രമായ മാർക്ക് ആന്റണി വിചിത്രമായ മനുഷ്യസ്വഭാവത്തിന്റെ ചില അംശങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. പ്രത്യേകിച്ച് സാങ്കല്പികമായ ആദർശലോകം ഒരു കൈയിലും അപകടത്തിന്റേയും അക്രമത്തിന്റേയും സ്വഭാവം മറുകൈയിലുമായി ചാഞ്ചാടുന്ന മാനുഷികഭാവം മാർക്ക് ആന്റണിയിൽ പൂർണ്ണമാകുന്നു. ചരിത്രം അതിന് തെളിവായി നല്കുന്നത് റോമിലേക്ക് അന്ധമായ യുദ്ധക്കലിയുമായി മുന്നേറിവന്ന ആന്റണിയുടെ ചിത്രമാണ്. എന്നാൽ, സൗന്ദര്യത്തിന്റെ മൂർത്തീഭാവമായ ക്ലിയോപാട്രയെ കണ്ടതോടെ ആന്റണിയുടെ വീക്ഷണങ്ങൾ മാറുന്നു. പില്ക്കാലത്ത് യുദ്ധങ്ങളുടേയും പോരാട്ടങ്ങളുടേയും ശിലാബിംബങ്ങൾ മാർക്ക്ആന്റണിയെ ചിന്തിപ്പിക്കുന്നു. കനത്ത ആക്രമങ്ങൾക്കൊടുവിൽ നേടിയെടുക്കുന്ന സാമ്രാജ്യങ്ങൾ നേടിത്തരുന്ന സംതൃപ്തി ക്ഷണികമായതാണെന്ന് മാർക്ക് ആന്റണി തിരിച്ചറിയുന്നുണ്ട്. പിന്നീട് അദ്ദേഹം ഈ സാങ്കല്പികമായ ലോകം വെടിഞ്ഞ് തന്റെ പ്രേമഭാജനമായ ക്ലിയോപാട്രയോടൊത്ത് സ്വച്ഛവും സമാധാനപൂർണ്ണവുമായ ജീവിതമാണ് മാർക്ക് ആന്റണിയുടെ അടുത്ത സ്വപ്നം.

ഒരർത്ഥത്തിൽ എല്ലാ മനുഷ്യരും മാർക്ക് ആന്റണിയെപ്പോലെയാണ്. നമ്മളൊക്കെ ആഗ്രഹിക്കുന്നത് ഒരു സാധാരണ മനുഷ്യജീവിതമാണ്. അതേസമയം ഏതുസമയവും വന്നെത്തിയേക്കാവുന്ന അപകടങ്ങളും, അക്രമങ്ങളും പ്രതീക്ഷിക്കേണ്ടതുമുണ്ട്. എന്നാൽ, മനുഷ്യരിൽ ചിലർ ചിന്തിക്കുന്നത് നേരെ മറിച്ചാണ്. ജീവിതത്തിൽ കാര്യമായ പ്രശ്നങ്ങ

(ശേഷം 5-ാം പേജിൽ)

(3-ാം പേജിൽനിന്ന്)

പറഞ്ഞു. ജനങ്ങളിന്ന് സന്ദേശത്തിന്നായി കാത്തിരിക്കുകയാണ്. ജമാഅത്തിന്റെ സന്ദേശം എത്തിച്ചുകൊടുക്കണമെങ്കിൽ അത് ആദ്യം നാം പഠിക്കേണ്ടതുണ്ട്. മുഴുവൻ അംഗങ്ങളും അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് തങ്ങളുടെ ജീവിതം മാതൃകയാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഉച്ചയ്ക്കുശേഷം അൻസാറുകൾക്കായി മെമ്മറിടെസ്റ്റ്, ഖുർആൻ പാരായണം, അറബി, ഉർദു, മലയാള പദ്യപാരായണം, മ്യൂസിക്കൽ ചെയർ, സന്ദേശകൈമാറ്റം എന്നീ മത്സരങ്ങൾ നടത്തി. ഭക്ഷണത്തിനുശേഷം നടത്തിയ നർമ്മവേദി സദസ്യരിൽ ചിരിപടർത്തി.

കൃത്യം 6 മണിക്ക് സമാപന സമ്മേളനം ആരംഭിച്ചു. സമാപനസമ്മേളനത്തിൽ പി.പി. നാസിറുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു. ഇബ്റാഹീം കുട്ടി സാഹിബ്, മാത്ര “അഹ്മദിയ്യാ ഖിലാഫത്ത്' എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ്സെടുത്തു. ഖാദിയാനിൽനിന്നും എത്തിച്ചേർന്ന ദഅ്വത്തെ ഇലല്ലാഹ് പ്രതിനിധി മൗലവി മുബശ്ശിർ അഹ്മദ് സാഹിബ് സദസ്സിനെ അഭിസംബോധന ചെയ്തു. ഇജ്തിമാക്ക് ദുആയോടെ പരിപാടികൾക്ക് വിരാമമായി. ഇജ്തിമായിലുടനീളം പാലിച്ച സമയനിഷ്ഠ പ്രത്യേകം പ്രശംസനീയമാണ്.

(3-ാം പേജിൽനിന്ന്)

ചില ഉദാഹരണങ്ങൾ മാത്രം. ഐരാപുരത്ത് പ്രസിഡന്റ് മുഹമ്മദ് ഇബ്റാഹിം സാഹിബ് അധ്യക്ഷത വഹിച്ചു. കാഹിൻ സാഹിബ് തിലാവത്ത് നടത്തി. ഖിലാഫത്ത് ജൂബിലോയടനുബന്ധിച്ച് അഹ്മദികളുടെ കടമകളെക്കുറിച്ച് മൗലവി അമീറുദ്ദീൻ സാഹിബ് സംസാരിച്ചു. ആലപ്പുഴ ജമാഅത്തിൽ പ്രസിഡന്റ് ടി.എച്ച്. റസാഖ് സാഹിബിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സുധീർ സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു. എറണാകുളം മുബല്ലിഗ് മൗലവി എം. നാസിർ അഹ്മദ് സാഹിബ് ക്ലാസ്സെടുത്തു. അഹ്മദിയ്യാ ഖിലാഫത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് ദൈവിക കരങ്ങൾതന്നെയാണെന്ന് അദ്ദേഹം ഉദാഹരണസഹിതം വ്യക്തമാക്കി. കൊടുങ്ങല്ലൂരിൽ പ്രസിഡന്റ് സൈനുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു. കൊച്ചി മുബല്ലിഗ് മൗലവി മുഹമ്മദ് മൻസിൽ സാഹിബ് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്(അയ്യദഹു) ന്റെ വിവിധ നിർദ്ദേശങ്ങൾ ജമാഅത്തംഗങ്ങളെ ഓർമ്മപ്പെടുത്തി.

തുടർച്ചയായ ബോധവത്കരണ ക്ലാസ്സുകളിലൂടെ ഒരു പുത്തനുണർവ്വ് ജമാഅത്തംഗങ്ങളിൽ ഇപ്പോൾ ദൃശ്യമായിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള സദസ്സ് എല്ലാ ജമാഅത്തുകളിലും സജീവമായി പങ്കുകൊണ്ടിരുന്നു. ഈ ഉണർവ്വ് അണയാതെ സൂക്ഷിച്ചാൽ 2008 -ൽ വരാനിരിക്കുന്ന ഖിലാഫത്ത് ജൂബിലി ഒരു ചരിത്രസംഭവമായി നമുക്ക് മാറ്റാൻ കഴിയുമെന്ന് ഇലാഖ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് പ്രത്യാശിക്കുന്നു.

# മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ

അബൂ ശഹീദഹ്മദ്, പഴയങ്ങാടി

മുത്ത് മുഹമ്മദ് മുസ്തഫതൻ
സത്യമസീഹിൻ ശിഷ്യരിവർ
അത്ഫാലുൽ അഹ്മദിയ്യാ ഞങ്ങൾ
ആത്മീയജീവിത മാതൃകകൾ!

ലായിലാഹ ഇല്ലല്ലാഹ്
ആരവമെന്നും ആത്മാക്കളിൽ
മുഹമ്മദുർറസൂലുല്ലാഹ്
ആദരമീ മനതാരുകളിൽ!

മസീഹ് മൗഊദിൻ ആത്മസുതൻ
മുസ്‌ലിഹ് മൗഊദ് ഭവനം തന്നിൽ
ഓമനകൾ അത്ഫാലുകൾ
പാവനരഹ്മദിയ്യാ ബാലർ!

ലൗകിക ജീവിത ശോഭകളിൽ
ആശകളില്ല ഖൽബുകളിൽ
ലളിത മനോഹര വേഷങ്ങൾ
ദീനിസ്‌ലാമിൻ തനിരൂപങ്ങൾ!

ജീവിതശുദ്ധി വരിച്ചീടുവാൻ
ഒഴിയാതെ നമസ്കാരങ്ങൾ
പരിപാവന ദീനിൻ ജ്ഞാനങ്ങൾ
പകരുന്നു വഴിത്താരകളിൽ!

ഖുർആൻ ദൈവിക വചനങ്ങൾ
ദിവ്യ റസൂലിന്റെ ചര്യകൾ
സൂക്ഷിപ്പൂ നെഞ്ചകങ്ങളിൽ
ആശിച്ചല്ലാഹുവിൻ കൃപകൾ!

മസീഹ് മൗഊദിൻ സന്ദേശങ്ങൾ
മനസ്സുകളിൽ ആവേശങ്ങളിൽ
പരീക്ഷണങ്ങൾ പടവുകളിൽ
പതറാതെ മുന്നേറുമിവർ!

ധനിക ദരിദ്രർ സന്തതികൾ
ധവളിമകൾ കാർവർണ്ണങ്ങൾ
പണ്ഡിത പാമര വർഗങ്ങൾ
അന്തരമില്ലീ ഹൃദയങ്ങൾ!

സത്യമനസ്കരിതാ ഞങ്ങൾ
സമത്വ സാഹോദര്യങ്ങൾ
ഭൂവിൽ നിലനിർത്തീടുമിവർ
ഭാവിതൻ വാഗ്ദാനങ്ങൾ!

മാതാപിതാ ബന്ധുജനത്തിൽ
അഹ്മദിയ്യാ സംഘം തന്നിൽ
സ്വന്തം നാടിൽ ജനങ്ങളിൽ
ഖിദ്മത്തെ ഹൽഖ് വഖാറെ അമൽ

കാലത്തിങ്കൽ സമാഗതർ
ഖലീഫതൻ തിരുകല്പനകൾ
കാതുകളോർത്ത് കഴിയുന്നവർ
ഖാഇദിൻ നേതൃത്വം കീഴിൽ!

കുരുന്ന് ഹൃദയങ്ങൾ ഞങ്ങൾ
വരുന്നു മതസേവനങ്ങളിൽ
അഹ്മദിയ്യാ ഉപമജ്‌ലിസുകൾ
മഹ്ദി ഇമാം ശിഷ്യഗണങ്ങൾ

തുടിതുള്ളും നവ ചൈതന്യങ്ങൾ
അടിയുറച്ചീമാനിൽ ഞങ്ങൾ
ജീവൻ സമയം മാനങ്ങൾ
ധനവും ദൈവിക മാർഗ്ഗത്തിൽ!

ദുഷ്കർമ്മങ്ങൾക്കെതിരിലിവർ
സൽക്കർമ്മ സൈനികരായ് ഞങ്ങൾ
ഇഹപര ജീവിത നന്മകളിൽ
അഹമഹമികയാ മുൻനിരയിൽ!

മാലാഖമാരുടെ വിശുദ്ധിയിൽ
മനസ്സുകളാനന്ദ സുഷുപ്തിയിൽ
വിനയത്തിൻ പൊൻചിറകുകളിൽ
ഔന്നിത്യം അർഷിന്നരികിൽ!

# ഖുദ്ദാം ദീനീ പരീക്ഷാ അറിയിപ്പ്

ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ വർഷത്തെ ദീനീപരീക്ഷ സെപ്തംബർ 16-ാം തിയ്യതി നടത്തുന്നതാണ്. ഇൻശാഅല്ലാഹ്. ഉത്തരക്കടലാസുകൾ സെപ്തംബർ 18-ാം തിയ്യതിക്കകം കേന്ദ്ര മർക്കസിലേക്ക് അയച്ചുകൊടുക്കാൻ ഖാഇദുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(4-ാം പേജിൽനിന്ന്)

ളൊന്നും നേരിടേണ്ടി വരില്ലായെന്ന് ഇവർ കരുതുന്നു. പെട്ടെന്ന് സംഭവിക്കുന്ന ആഘാതങ്ങൾ നേരിടേണ്ടി വരുന്നതുവരെ അപകടത്തിന്റേയും അക്രമത്തിന്റേയും വശം ഇവർ നിഷേധിക്കുന്നു. ഒരു ചെറിയ കൂട്ടം അമേരിക്കക്കാർ ഈ ന്യൂനപക്ഷമത്രെ. 9/11 വരെ കാര്യമായ അപകടങ്ങൾ തങ്ങൾക്കു മുന്നിലുണ്ടെന്ന് ഇവർ നിഷേധിക്കുകയായിരുന്നു. അന്താരാഷ്ട്രതലത്തിൽ വേരുപടർത്തുന്ന ഭീകരതയെ ഇവർ കണ്ടിരുന്നതുമില്ല. പക്ഷേ, അവരുടെ ധാരണകളൊക്കെ മാറിയത് വളരെ പെട്ടെന്നായിരുന്നു. അവർ ഞെട്ടിയുണർന്നത് അപകടകരമായ നീക്കങ്ങളുമായിട്ടാണ്. ഇത്തരം അമിതപ്രതികരണങ്ങൾ നേരത്തേപറഞ്ഞ നിഷേധത്തിന്റെ ഫലമാണ്.

ബംഗ്ലാദേശിലും ഈ കാര്യം പ്രസക്തമാണ്. തങ്ങളുടെ ക്ഷമാപൂർണ്ണവും പ്രൗഢവുമായ ബംഗള സമൂഹത്തിൽ കഴിഞ്ഞ 15 വർഷമായി തീവ്രവാദ പ്രവർത്തനങ്ങൾ ഒന്നുമില്ല എന്നായിരുന്നു ബംഗ്ലാദേശികളുടെ മനോരാജ്യം. എന്നാൽ, 2005 ആഗസ്റ്റിൽ രാജ്യത്തെമ്പാടുംനിന്ന് ഏകദേശം 400 ഓളം ബോംബുകൾ പിടിച്ചെടുത്തതോടെ ഈ മനോരാജ്യം തകർന്നുപോയി. ഇതേകാര്യം വീണ്ടും നമ്മളറിഞ്ഞത് പതുക്കെ ശക്തിയാർജ്ജിച്ച അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണങ്ങളിലൂടെയാണ്. ഇതിനു പിന്നാമ്പുറമായി ഇക്കാലയളവിൽ ബംഗ്ലാദേശ് ഭരിച്ച ബി.എൻ.പി- ജമാഅത്തെ ഇസ്‌ലാമി ഗവർമ്മെന്റിന്റെ പ്രവർത്തനങ്ങൾ കാണാം. അവർ തങ്ങളുടെ ചായ്‌വിന്റെ അടിസ്ഥാനത്തിൽ ഇത്തരം തീവ്രവാദ പ്രവർത്തനങ്ങൾ നിഷേധിച്ചതേയുള്ളൂ. ജമാഅത്തുൽ മുജാഹിദിൻ ബംഗ്ലാദേശ് എന്ന സംഘടനയെ നിരോധിക്കാനോ അടിച്ചമർത്താനോ ഗവർമ്മെന്റിന് സാധിച്ചില്ല.

പാക്കിസ്ഥാന്റെ കാര്യത്തിൽ ഇത്തരം നിഷേധങ്ങൾ കൂടുതൽ കടുത്തതായിരുന്നു. പാക്കിസ്ഥാനിലെ ഫ്രോണ്ടിയർ/ബലൂചിസ്ഥാൻ അതിർത്തി പ്രവിശ്യകളിലെ താലിബാൻ- അൽഖയ്ദ കടന്നുകയറ്റങ്ങൾ നിഷേധിച്ചുകൊണ്ടേയിരിക്കുകയായിരുന്നു. പാക്കിസ്ഥാനിലെ ഈ മേഖലകളിലാണെങ്കിൽ പാക്ക് ഗവർമ്മെന്റിന്റെ ഭരണസംവിധാനം ദുർബലവുമാണ്. ഇക്കാര്യം ഒടുവിൽ എടുത്തുപറയേണ്ടതുണ്ട്. കാരണം, എവിടെയാണോ ഗവർമ്മെന്റ് കൂടുതൽ ദുർബലമാകുന്നത് അവിടെ ഗവർമ്മെന്റ് സംവിധാനത്തെ ദുർബലമാക്കാനുള്ള ശക്തമായ നീക്കങ്ങൾ സംഭവിക്കുന്നു. ഇത് പാക്കിസ്ഥാനിലെ റെഡ് മോസ്കിന്റെ കാര്യത്തിലും സത്യമാണ്. ലാൽമസ്ജിദും അതിലെ മദ്രസകളും കഴിഞ്ഞ ഏതാനും വർഷങ്ങളായി താലിബാന്റേയും ഇതര തീവ്രവാദ സംഘടനകളുടേയും നിയന്ത്രണത്തിലായിരുന്നു. ഈ മസ്ജിദിന്റെ നേതാക്കൾ അവരുടെ പിതാവിന്റെ വധത്തോടെ മൗലിവകവാദത്തിലേക്ക് തിരിഞ്ഞതാണെന്ന് പറയുന്നു. എന്നാൽ, കുറേക്കാലം മുമ്പുവരെ ലാൽമസ്ജിദ് ഇങ്ങനെയായിരുന്നില്ല. ഇവിടെ ഗവർമ്മെന്റ് ദുർബലമായപ്പോഴാണ് ലാൽമസ്ജിദ് ഗവർമ്മെന്റിനുനേരെ ഒരു ഭീഷണിയായി മാറുന്നത്. ഇക്കാലമത്രയും ഗവർമ്മെന്റ് ഇതൊക്കെ നിഷേധിച്ചുകൊണ്ടിരുന്നു.എന്നാൽ, സാങ്കല്പികലോകം മറഞ്ഞപ്പോൾ ഗവർമ്മെന്റ് ഞെട്ടിയെഴുന്നേറ്റ് അമിതപ്രകടനത്തിലൂടെ ലാൽമസ്ജിദ് കൈപ്പിടിയിലൊതുക്കി.

പാക്കിസ്ഥാനിലെ അതിർത്തി പ്രവിശ്യയിൽ സ്ഥിതി ഇപ്പോഴും ഇതുപോലെതന്നെയാണ്. ഈ മേഖലകളിൽ നേരത്തേപറഞ്ഞ നിഷേധിക്കൽ പരിപാടികൾ അവസാനിപ്പിക്കേണ്ട സമയമായിക്കഴിഞ്ഞു. റെഡ്മസ്ജിദ് സംഭവത്തെത്തുടർന്ന് ഈ ഭാഗങ്ങളിലും ഗവർമ്മെന്റ് സേന യാഥാർത്ഥ്യത്തിലേക്ക് വന്നുതുടങ്ങിയിരിക്കുന്നുവെന്നാണ് പുതിയ വാർത്തകൾ. ഇവിടേയും യഥാസമയത്ത് സാങ്കല്പികലോകത്തുനിന്ന് ഗവർമ്മെന്റ് ഉണർന്നില്ലായെങ്കിൽ ലാൽമസ്ജിദിലെപ്പോലെ നൂറുകണക്കിന് സിവിലിയൻ ജീവനുകൾ ഹോമിക്കപ്പെട്ടേക്കാം. പുരാതന റോമിലേതുപോലെ റിബലുകളെ ക്രൂരമായി നേരിടേണ്ടുന്ന ഒരു നയം മാത്രം ഫലപ്രദമല്ല. ശക്തിപ്രയോഗത്തിന്റേയും മൃദുസമീപനത്തിന്റേയും സംയോജിത രൂപമാണ് ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വേണ്ടത്.

*(പാക്കിസ്ഥാനിലെ മുൻ പാക്ക് അംബാസിഡറായ വില്യം മിലം എഴുതിയ ലേഖനത്തിന്റെ പരിഭാഷ).*

(1-ാം പേജിൽനിന്ന്)

ഗങ്ങളുമായി വളരെയടുത്തു നില്ക്കുന്നതായാണ് പല വിദഗ്ദ്ധരുടേയും നിരീക്ഷണം.

സമ്മേളനത്തിനായി സ്റ്റേഡിയത്തിൽ തിങ്ങിനിറഞ്ഞ 60,000 പേരിൽ അധികവും ഇന്തോനേഷ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സ്ത്രീകളായിരുന്നു എന്ന് ബി.ബി.സിയുടെ ലൂസി വില്ല്യംസൺ ജക്കാർത്തയിൽനിന്ന് അറിയിച്ചു. സമ്മേളനത്തിൽ അഭിസംബോധന ചെയ്യേണ്ടിയിരുന്ന പ്രാസംഗികരുടെ എണ്ണം സമയമായപ്പോഴേക്കും ശുഷ്കിച്ചുപോയെങ്കിലും അതൊന്നുംതന്നെ അതിൽ സംബന്ധിക്കാനെത്തിയവരുടെ ആവേശത്തെ തണുപ്പിക്കുന്നതിനു കാരണമായില്ല എന്ന് ഞങ്ങളുടെ ലേഖകൻ റിപ്പോർട്ട് ചെയ്യുന്നു. വിദേശത്തുനിന്നുള്ള 5 പ്രാസംഗികരിൽ മൂന്നുപേർക്ക് രാജ്യത്ത് പ്രവേശിക്കാനുള്ള അനുമതി ലഭിച്ചില്ലെന്ന് സംഘടന അറിയിച്ചു. ജക്കാർത്ത വിമാനത്താവളത്തിലെ ഇമിഗ്രേഷൻ ഉദ്യോഗസ്ഥർക്ക് ഇക്കാര്യം സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ബ്രിട്ടൻ, ആസ്ത്രേലിയ എന്നിവിടങ്ങളിൽനിന്നെത്തിയ പ്രതിനിധികൾ വെള്ളിയാഴ്ച തിരിച്ചയക്കപ്പെട്ടുവെന്നും ഫലസ്തീനിൽനിന്നുള്ള വ്യക്തിക്ക് പ്രവിശ്യ വിട്ടുവരാൻ കഴിഞ്ഞില്ലെന്നും സംഘടനയറിയിച്ചു. ഇന്തോനേഷ്യയിലെ വിവാദ മതപുരോഹിതനായ അബൂബക്കർ ബാസിർ സമ്മേളനത്തെ അഭിസംബോധന ചെയ്യേണ്ടതായിരുന്നുവെങ്കിലും സുരക്ഷാപ്രശ്നങ്ങളെ സംബന്ധിച്ചുള്ള അധികൃതരുടെ നിലപാട് കണക്കിലെടുത്ത് സംഘാടകർതന്നെ അത് വേണ്ടെന്ന് വെക്കുകയായിരുന്നു.

ഇസ്‌ലാമിക് ലിബറേഷൻ പാർട്ടി എന്നർത്ഥം വരുന്ന ഹിസ്ബുതാഹിർ അൽ ഇസ്‌ലാമി എന്ന സംഘടന 1950-ൽ ജറൂസലേമിലാണ് സ്ഥാപിതമായത്. ഫലസ്തീൻ മതപണ്ഡിതനായിരുന്ന തഖിയുദ്ദീൻ അൽനബ്ഹാനിയാണ് സ്ഥാപകൻ. ഈ സംഘടനയെ ആശയപരമായി തീവ്ര ജിഹാദി സംഘടനകളോട് വളരെയടുത്തുനില്ക്കുന്നതായാണ് വിദഗ്ദർ കാണുന്നതെന്ന് ബിബിസിയുടെ ഇസ്‌ലാമിക കാര്യവിദഗ്ദൻ റോജർ ഹാർഡി പറയുന്നു. സമാധാനമാർഗ്ഗങ്ങളോടുള്ള ഇവരുടെ പ്രതിബദ്ധത തികച്ചും തന്ത്രപരമാണെന്നാണ് കണക്കാക്കുന്നത്. സമഗ്രാധിപത്യ പ്രവണത കാണിക്കുന്ന ഒരു കേന്ദ്രീകൃത നേതൃത്വമാണിതിനുള്ളതെന്ന് വിദഗ്ദർ വിശദീകരിക്കുന്നു. അംഗങ്ങളിലധികവും വിദ്യാർത്ഥികളാണ്. ജൂതവിരോധവും സ്വവർഗ്ഗരതിയോടുള്ള പരസ്യമായ എതിർപ്പും കാരണം ബ്രിട്ടനിലെ പല കലാലയങ്ങളിലും സംഘടനയെ നിരോധിച്ചിരിക്കുകയാണ്. ഈ പ്രസ്ഥാനം ഒരാഗോള ശക്തിയാണെന്നു പറയാനാവില്ലെങ്കിലും ആദർശാത്മക അജണ്ടകളുള്ള, പൊതുജന സമ്പർക്കത്തിൽ നൈപുണ്യമുള്ള ഒരു ചെറിയ വിഭാഗമാണെന്ന് തെളിവുകൾ കാണിക്കുന്നതായി ഞങ്ങളുടെ ലേഖകൻ പറയുന്നു.

(ബിബിസി ന്യൂസ്, 12.8.07).

(1-ാം പേജിൽനിന്ന്)

ത്. 98,000 നവ അഹ്മദികളുമായി ബന്ധം പുനഃസ്ഥാപിക്കാൻ അവർക്ക് സാധിച്ചു. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ആറുലക്ഷത്തിനാലായിരം നവ അഹ്മദികളുമായി ഇവർ ബന്ധം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി ജമാഅത്തിന്റെ സംഘടനാശക്തി ഇവിടെ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഈ വർഷം 169 പള്ളികൾ പുതുതായി നിർമ്മിക്കാൻ സാധിച്ചതോടൊപ്പം 130 പള്ളികൾ മുസ്‌ലിംകളോടൊപ്പം ജമാഅത്തിന് ലഭിക്കുകയും ചെയ്തു. അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ പള്ളികൾ നിർമ്മിച്ചുവരുന്നുണ്ട്. ഓരോ രാജ്യവും ഉത്സാഹത്തോടുകൂടി പള്ളി നിർമ്മാണം നടത്തിവരുന്നു. ശക്തമായ എതിർപ്പുണ്ടായിട്ടും ഇന്തോനേഷ്യയിൽ മൂന്ന് പള്ളികൾ നിർമ്മിക്കാനുള്ള സൗഭാഗ്യം ജമാഅത്തിന് ലഭിക്കുകയുണ്ടായി. ബംഗ്ലാദേശിൽ 6 പള്ളികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മിഷൻഹൗസുകളുടെ എണ്ണത്തിലും ഈ വർഷം വർദ്ധനവുണ്ടായിട്ടുണ്ട്. 186 മിഷൻഹൗസുകൾ നടപ്പുവർഷം പുതുതായി സ്ഥാപിച്ചിട്ടുണ്ട്. മിഷൻഹൗസുകളുടെ സ്ഥാപനത്തിൽ ഇന്ത്യയിലെ ജമാഅത്തുകളാണ് മുൻപന്തിയിൽ നില്ക്കുന്നത്. ഇവിടെ 82 തബ്‌ലീഗ് കേന്ദ്രങ്ങൾ ഈ വർഷം വർദ്ധിക്കുകയുണ്ടായി.

## വഖാറെ അമൽ



**ക**ണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ പള്ളിയിലും പരിസരങ്ങളിലും വഖാറെ അമൽ നടത്തി. അടുക്കളത്തോട്ട നിർമ്മാണവും നടന്നു. ഖാഇദ് ഷാജിർ അഹ്മദ്.ടി, നിഷാൻ അഹ്മദ്, നിഷാദ് അസീസ്, ഷെഹിൻ ഷാഫി തുടങ്ങിയവർ നേതൃത്വം നൽകി.

(1-ാം പേജിൽനിന്ന്)

കൊണ്ടിരുന്നുവത്രെ! വെറുപ്പും പകയും വെൽഡറിനെ ശരിക്കും അന്ധനാക്കിയിരിക്കുന്നുവെന്ന് വ്യക്തമാണ്. അത് എത്രമാത്രമെന്നുവെച്ചാൽ, ഖുർആന്റെ ശബ്ദംപോലും അയാൾക്ക് സഹിക്കുന്നില്ല. വിശുദ്ധഖുർആൻ ഇക്കൂട്ടർ പാരായണം ചെയ്യുന്നില്ല എന്നത് വേറെ കാര്യം. ഇവിടുന്നും അവിടുന്നും കേട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ഇവർ പൊക്കിപ്പറയുന്നത്. ഖുർആൻ ഇവർ എന്തു വായിക്കാനാണ്? ചരിത്രത്തെപ്പോലും ഇവർ ചവിട്ടിമെതിക്കുകയാണ് ചെയ്യുന്നത്. ഇയാളേക്കാൾ എത്രയോ വലിയ അറിവുള്ള ക്രിസ്ത്യാനികൾപോലും ഉന്നയിക്കാത്ത ആരോപണമാണ് ഇയാൾ തേടിപ്പിടിച്ചുന്നയിച്ചിട്ടുള്ളത്. ഇതെല്ലാം എവിടെനിന്ന് തപ്പിയെടുത്തുകൊണ്ടുവന്നുവെന്നറിയില്ല.

'മാഇദ' തിരുനബിയുടെ ഹിജ്റത്തിനുശേഷം അവതരിച്ച അധ്യായമാണ്. എന്നല്ല, നബി(സ)യുടെ അവസാനവർഷമാണ് ഈ അധ്യായം ഇറങ്ങിയതെന്ന് എല്ലാ നിവേദനങ്ങളും വെളിപ്പെടുത്തുന്നു. ഇതിൽ ശത്രുതയേയും അക്രമത്തേയും അവസാനിപ്പിക്കുന്നതിനും നീതി സ്ഥാപിക്കുന്നതിനുമുള്ള എത്ര മനോഹരമായ അധ്യാപനമാണുള്ളത്. ഇയാൾ പറയുന്നത് മദീനയിൽ വരുമ്പോൾ അക്രമപ്രവർത്തനം വർദ്ധിച്ചുവെന്നാണ്. നബി(സ) തിരുമേനിയുടെ ജീവിതത്തിലിറങ്ങിയ അവസാനത്തെ അധ്യായത്തിൽ അല്ലാഹു പറയുന്നു ***ലാ യജ്‌രിമന്നക്കും ശനആനു ഖൗമിൻ അലാ അല്ലാ തഅ്ദിലൂ ഇഅ്ദിലൂ ഹുവ അഖ്റബു ലിത്തഖ്‌വാ*** ഒരു ജനതയുടേയും ശത്രുത അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതിയോടെ വർത്തിക്കുക. ഇത് തഖ്‌വയോട് ഏറ്റവുമടുത്ത കാര്യമാണ് (5:9).

ഇവരുടെ മതത്തിലോ മറ്റേതെങ്കിലും മതത്തിലോ ഇത്ര മനോഹരമായ ഒരു പാഠമുള്ളതായി ഇയാൾ കാണിക്കട്ടെ. പക്ഷേ, വെറുപ്പും വിദ്വേഷവും അന്ധനാക്കിത്തീർത്തിട്ടുള്ള ഒരു വ്യക്തിക്ക് അടുത്തുള്ളത് കാണാൻ കഴിയുകയില്ല. അന്ധനായവനെ നീ എന്തു വഴികാണിക്കാനാണെന്നും അവർക്കെന്ത് വെളിച്ചം പകരാനാണെന്നും അല്ലാഹുതന്നെ ചോദിച്ചിട്ടുണ്ട്.

പിന്നീട് ഇയാൾ പറയുന്നത് വിശുദ്ധഖുർആൻ തൗബ എന്ന അധ്യായത്തിൽ 5-ാമത്തെ വചനത്തിൽ ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും മതപരിത്യാഗികൾക്കുമെതിരെ അക്രമം പ്രവർത്തിക്കാൻ കല്പിക്കുന്നുവെന്നാണ്. കണ്ണിൽ കെട്ടിയിരിക്കുന്ന തുണി അഴിച്ചുനീക്കുകയും വിശുദ്ധഖുർആനെ ശുദ്ധമനസ്സോടെ വായിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്കുതന്നെ കാര്യം വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ വചനത്തിൽ അല്ലാഹു യുദ്ധം ചെയ്യാൻ കല്പിച്ചിട്ടുള്ളത് ഒരു സന്ധിക്കും തയ്യാറാവാതെ നിരന്തരം യുദ്ധത്തിന് വന്നുകൊണ്ടിരിക്കുകയും അരാജകത്വം സൃഷ്ടിക്കുകയും ചെയ്യുന്ന ബഹുദൈവവിശ്വാസികളോടാണ്. ഇസ്‌ലാമിക ഭരണം നിലവിൽ വന്നപ്പോഴുള്ള കല്പനയാണിത്. നിങ്ങളുമായി യുദ്ധം ചെയ്യുന്ന ബഹുദൈവാരാധകരോട് നിങ്ങളും യുദ്ധം ചെയ്യുക എന്നാണ് ആ കല്പന. കാരണം അവർ നിങ്ങൾക്കെതിരിൽ കലഹവും കുഴപ്പവും യുദ്ധത്തിന്റെ അഗ്നിയും ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇക്കൂട്ടർ പറയുന്നതുപോലെ കൊല്ലുക എന്നത് നിർബന്ധമില്ല. അത്തരക്കാരെ തടവിലാക്കാനും ഉപരോധിക്കാനും അവരുടെ പ്രവർത്തനങ്ങൾ വീക്ഷിച്ച് വേണ്ടുന്ന മറ്റു നടപടികൾ സ്വീകരിക്കാനും അങ്ങനെ രാജ്യത്തെ അവരുടെ ഫിത്നയിൽനിന്ന് രക്ഷിക്കാനുമുള്ള ഏതു മാർഗ്ഗവും കൈക്കൊള്ളാവുന്നതാണ്. വെൽഡർ പറയുന്നതുപോലെ ഇത്തരം ഘട്ടങ്ങളിലും ഭരണകൂടങ്ങൾ

(ശേഷം 6-ാം പേജിൽ)

## ചർച്ച

**കണ്ണൂർ:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ 'അന്ധവിശ്വാസങ്ങളും തെറ്റിദ്ധാരണകളും' എന്ന വിഷയത്തെ അധികരിച്ച് ഖാദിംകൾക്കായി ചർച്ച സംഘടിപ്പിച്ചു. ദിഷാൻ അഹ്മദ് വിഷയം അവതരിപ്പിച്ചു. ഗുലാം അഹ്മദ്, നിഷാൻഅഹ്മദ്, നിഷാദ് അസീസ്, റോഷൻ അഹ്മദ്, ഷെഹിൻ ഷാഫി തുടങ്ങിയവർ സംസാരിച്ചു. ഖാഇദ് ഷാജിർ അഹ്മദ്. ടി അധ്യക്ഷം വഹിച്ചു.

## ഖുർആൻ


"വിശ്വാസികളെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽനിന്നു സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി." (2:184).

## നബിവചനം

"വ്രതം ഒഴികെയുള്ള മനുഷ്യന്റെ കർമ്മങ്ങളെല്ലാം അവനുള്ളതാണ്. കാരണം, വ്രതം എനിക്കുള്ളതാകുന്നു. ഞാനാണതിന് പ്രതിഫലം നൽകുന്നത്. വ്രതം (പാപത്തിനെതിരെയുള്ള) ഒരു പരിചയാണ്. അതുകൊണ്ട് നിങ്ങളിലാരെങ്കിലും വ്രതം അനുഷ്ഠിക്കുകയാണെങ്കിൽ അയാൾ അനാവശ്യമായി സംസാരിക്കരുത്, അമിതമായി ശബ്ദിക്കയുമരുത്."

(ബുഖാരി)

## യുഗശബ്ദം



ഇസ്‌ലാമിൽ ചില ദിവസങ്ങളെ സന്തോഷത്തിന്റേയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും ദിനമായി കണക്കാക്കപ്പെടുന്നു. അത്തരത്തിലുള്ള ദിനങ്ങളിലൊന്ന് വെള്ളിയാഴ്ചയാണ്. ഈ ദിനം വളരെ അനുഗൃഹീതമാണ്. ആദം(അ) നെ സൃഷ്ടിച്ചതും അദ്ദേഹത്തിന്റെ പശ്ചാത്താപം ദൈവം സ്വീകരിച്ചതും ഈ ദിനത്തിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെയാണ് രണ്ട് ഈദ് ദിനങ്ങൾ. രണ്ട് ഈദുദിനങ്ങളെ അതീവസന്തോഷത്തിന്റേയും അനുഗ്രഹങ്ങളുടേയും ദിനങ്ങളായി കണക്കാക്കപ്പെടുന്നു. ഈ ദിനങ്ങളൊക്കെ അനുഗ്രഹപൂർണ്ണവും സന്തോഷപൂർണ്ണവും ആണെന്നതിൽ സംശയമില്ല. എന്നാൽ, ഇതിനേക്കാളേറെ അനുഗ്രഹപൂർണ്ണമായ മറ്റൊരു ദിനമുണ്ടെന്ന് ഓർമ്മിക്കേണ്ടതാണ്.

എന്നാൽ, ആ അനുഗ്രഹസുദിനത്തെ ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആ ദിനത്തിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് ജനങ്ങൾ ബോധവാന്മാരായിരുന്നുവെങ്കിൽ യഥാർത്ഥത്തിൽ ആ ദിനം അവർക്ക് അനുഗ്രഹങ്ങളുടേയും നല്ലഭാവിയുടേയും ശുഭദിനമായിരിക്കുകയും ആ സുദിനത്തെ അവർ വലിയൊരു സമ്മാനമായി കരുതുകയും ചെയ്യുമായിരുന്നു.

വെള്ളിയാഴ്ചയേക്കാളും രണ്ട് ഈദി ദിനങ്ങളേക്കാളും അനുഗ്രഹപൂർണ്ണമായ ആ സുദിനമേതാണ്? ഓരോരുത്തരും തങ്ങളുടെ തെറ്റുകളിൽ പശ്ചാത്തപിക്കുന്ന ദിനമാണത്. ഈ പശ്ചാത്താപദിനത്തെ അനുഗ്രഹപൂർണ്ണമായ ദിനമായി കണക്കാക്കാനുള്ള കാരണമെന്ത്? ഒരു വ്യക്തിയെ നരകത്തിലേക്കു നയിക്കുന്ന അവന്റെ ചീത്ത പ്രവൃത്തികൾ രേഖപ്പെടുത്തിയ പുസ്തകം മാഞ്ഞുപോകുകയും ക്രമേണ ദൈവസമക്ഷത്തിലേക്ക് അടുപ്പിക്കുകയും അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുത്തുകൊടുക്കപ്പെടുകയും ചെയ്യുന്ന ദിനമാണത് എന്നാണിതിനു കാരണം. ഒരുവനെ നരകവാസത്തിൽനിന്നും രക്ഷിച്ച് ദൈവികാനുഗ്രഹത്തിന് പാത്രമാക്കുന്ന ദിനത്തേക്കാളും സന്തോഷകരമായ മറ്റേത് ദിനമാണ് ഒരു മനുഷ്യന്റെ ജീവിതത്തിലുണ്ടാവുക. ദൈവത്തിന്റെ അനുഗ്രഹങ്ങളിൽ നിന്നും അകറ്റപ്പെട്ട ഒരു പാപിയെ സംബന്ധിച്ചേടത്തോളം, പശ്ചാത്താപം അവനെ ദൈവികാനുഗ്രഹത്തിന് പ്രാപ്തനാക്കുകയും ദൈവികശിക്ഷയിൽനിന്നും നരകവാസത്തിൽനിന്നും മുക്തനാക്കുകയും ചെയ്യുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

"നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ സ്നേഹിക്കുന്നു. ബാഹ്യവും ആന്തരികവുമായ പരിശുദ്ധി കൈവരിക്കുന്നവരേയും അവൻ സ്നേഹിക്കുന്നു."

അതായത് മതപരമായ നിഷ്ഠയിലേക്കു സ്വയം പശ്ചാത്തപിച്ചു മടങ്ങുന്നവന് ദൈവം ഒരു സുഹൃത്തായി മാറുമെന്നതിൽ സംശയമേയില്ല. പശ്ചാത്തപിക്കുന്നവനെ ദൈവം സ്നേഹിക്കുന്നതിനു പുറമെ അവന്റെ പശ്ചാത്താപം അവനെ യഥാർത്ഥമായ മതനിഷ്ഠയുടെ അവസ്ഥയിലെത്തിക്കുകയും ചെയ്യുന്നു. എല്ലാവിധത്തിലുമുള്ള അഴുക്കുകളിൽനിന്നും മാറിനില്ക്കേണ്ടത് യഥാർത്ഥത്തിലുള്ള പശ്ചാത്താപത്തിന് അനിവാര്യമാണ്. വെറും അധരം കൊണ്ടുള്ള പശ്ചാത്താപം യാതൊരു ഫലവും ചെയ്യുകയില്ല. ആയതിനാൽ ഒരു മനുഷ്യൻ അവന്റെ അതുവരെയുള്ള എല്ലാത്തരം ചീത്തപ്രവൃത്തികളിലും പശ്ചാത്തപിക്കുകയും ദൈവവുമായി സത്യസന്ധമായ ബന്ധം പുലർത്തുകയും അവന്റെ എല്ലാ ആജ്ഞകളുടേയും മുന്നിൽ തലകുനിക്കുകയും ചെയ്യുന്ന അനുഗ്രഹപൂർണ്ണമായ ദിനം ഒരുവന്റെ ജീവിതത്തിലുണ്ടാവുകയാണെങ്കിൽ അവന് അവന്റെ ചീത്തപ്രവർത്തനങ്ങളുടെ ഫലമായി ലഭിക്കാനിരിക്കുന്ന ദൈവികശിക്ഷകളിൽനിന്നും മുക്തനാകാൻ സാധിക്കുന്നു. ഇത്തരത്തിൽ അവനൊരിക്കലും പ്രതീക്ഷിക്കാത്ത ഉന്നതസ്ഥാനത്തേക്കെത്തുന്നു.

# പാക്കിസ്ഥാൻ: മതഭീകരതയുടേയും അരാജകത്വത്തിന്റേയും നാട്

**അൽഹഖ് ന്യൂസ് ഡെസ്ക്**

**UNO**യുടെ കീഴിലുള്ള വംശീയ വിവേചനം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള അന്തർദ്ദേശീയ സമിതി സർക്കാരിന്റെ റിപ്പോർട്ടില്ലാതെ തന്നെ പാക്കിസ്ഥാനിലെ സ്ഥിതിഗതികൾ പരിശോധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. UNOക്കു മുമ്പാകെ 1998-നു ശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതിൽ പാക്കിസ്ഥാൻ സർക്കാർ വീഴ്ച വരുത്തിയതിനെത്തുടർന്നാണിത്. സർക്കാർ സമിതിയുമായി സഹകരിക്കുന്നില്ലെന്നും ആവശ്യമായ വിവരങ്ങൾ നല്കുന്നില്ലെന്നും 2007 ആഗസ്ത് 14-ന് ചേർന്ന യോഗം കുറ്റപ്പെടുത്തി. പാക്കിസ്ഥാനിലെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് വിശദമായ റിപ്പോർട്ട് CERD പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പാക്കിസ്ഥാൻ സർക്കാർ നയപരിപാടികളുടേയും നിയമനിർമ്മാണത്തിന്റേയും അടിസ്ഥാനത്തിൽ മതന്യൂനപക്ഷങ്ങളെ അംഗീകരിച്ചിട്ടുണ്ടെങ്കിലും സാംസ്കാരിക-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അംഗീകാരം നല്കിയിട്ടില്ല. ഭരണഘടന മതപരമായി ജനങ്ങളെ വിഭജിക്കുകയും മുസ്‌ലിംകൾക്ക് മാത്രം പ്രത്യേകം പരിഗണന നല്കുകയും ചെയ്യുന്നു. ഭരണഘടനയുടെ രണ്ടാം വകുപ്പ് ഇസ്‌ലാം മതത്തെ ഔദ്യോഗികമതമായും ഖുർആനും സുന്നത്തും നിയമനിർമ്മാണത്തിന്റേയും ഭരണനടപടികളുടേയും അടിസ്ഥാനശിലയായും പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനയുടെ 41(2) വകുപ്പനുസരിച്ച് ഒരു മുസ്‌ലിമിനു മാത്രമേ രാഷ്ട്രത്തിന്റെ പ്രസിഡണ്ടാകാൻ അധികാരമുള്ളൂ. 260-ാം വകുപ്പ് മുസ്‌ലിം-അമുസ്‌ലിം എന്നിവരെ വേർതിരിച്ചു സൂചിപ്പിക്കുന്നതിനാൽ മതവിവേചനം സർക്കാർ പ്രോത്സാഹിപ്പിക്കുകയാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

ഭരണഘടനയുടെ അമിതമായ മുസ്‌ലിംവൽക്കരണം കാരണം, സസ്പെൻഷനിലായ ചീഫ് ജസ്റ്റീസ് ഇഫ്തിക്കാർ മുഹമ്മദ് ചൗധരിക്കുപകരം ആക്ടിംഗ് ചീഫ് ജസ്റ്റിസായി നിയമിക്കപ്പെട്ട ഹിന്ദുവായ ജസ്റ്റിസ് റാണാ ഭഗവാൻദാസിന് അല്ലാഹുവിന്റെ നാമത്തിൽ ഖുർആനിലെ ദുആയോടുകൂടി സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്നു.

മതനിന്ദാ കുറ്റത്തിന് പാക്കിസ്ഥാൻ ഭരണഘടനയുടെ 295A, 295B, 295C, 298A, 298B എന്നീ വകുപ്പുകൾ പ്രകാരം കഠിനശിക്ഷയാണുള്ളത്. എന്നാൽ, ഈ നിയമം പല പ്രവിശ്യാ സർക്കാരുകളും ദുരുപയോഗം ചെയ്യുന്നു. പാക്കിസ്ഥാൻ നാഷണൽ അസംബ്ലിയിൽ 2007 മെയിൽ മുത്താഹിദ മജ്‌ലിസെ അമൽ അവതരിപ്പിച്ച ബില്ലിൽ മതം മാറുന്ന മുസ്‌ലിം സ്ത്രീകൾക്ക് ജീവപര്യന്തം തടവും പുരുഷന്മാർക്ക് വധശിക്ഷയും നിർദ്ദേശിച്ചിരിക്കുകയാണ്.

ഹിന്ദുക്കളേയും ഹിന്ദുമതത്തേയും മുസ്‌ലിംകളുടെ ശത്രുക്കളാക്കാനുതകുന്ന പാഠഭാഗങ്ങൾ നാഷണൽ കരിക്കുലം വിംഗ് അംഗീകരിച്ചിട്ടുണ്ട്. അഞ്ചാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ 'ഹിന്ദുക്കൾ മുസ്‌ലിംകളുടെ ശത്രുക്കളാണ്' എന്ന് അച്ചടിച്ച് പഠിപ്പിച്ചുവരുന്നു.

അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ടതിനു ശേഷം വർഷങ്ങളായി അഹ്‌മദികളുടെ തലയിൽ മതനിന്ദാ നിയമമെന്ന വാൾ തൂങ്ങിക്കിടക്കുകയാണ്. ഈ നിയമം മതന്യൂനപക്ഷങ്ങൾക്കെതിരെ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതുകൂടാതെ മുസ്‌ലിംകൾക്കിടയിലെ വ്യക്തിവൈരാഗ്യം തീർക്കാൻകൂടി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. 2007 ജനുവരി 1 മുതൽ ജൂൺ 1 വരെയുള്ള ദിവസങ്ങൾക്കിടയിൽ ആകെ 25 പേർ മതനിന്ദാകുറ്റത്തിന്നിരയായി. ഇതിൽ 9 സ്ത്രീകളടക്കം 16 പേർ ക്രിസ്ത്യാനികൾ ആയിരുന്നു. 2006-ൽ രജിസ്റ്റർ ചെയ്യപ്പെട്ട 48 കേസുകളിൽ 27 മുസ്‌ലിംകളും 10 ക്രിസ്ത്യാനികളും 11 അഹ്‌മദികളുമാണ്. കഷ്ടിച്ച് രാജ്യത്തിലെ ജനസംഖ്യയുടെ 4% ത്തോളം മാത്രമേ ക്രിസ്ത്യാനികളും ഹിന്ദുക്കളും അഹ്‌മദികളും ചേർന്നാൽ വരികയുള്ളൂ. പക്ഷേ, ശിക്ഷിക്കപ്പെടുന്ന ശതമാനക്കണക്കിൽ ഇവരാണ് മുന്നിൽ. 2007 മെയ് 30-ന് യൂനിസ്‌മസീഹ് എന്ന ക്രിസ്ത്യാനി മതനിന്ദാകുറ്റത്തിന് വധശിക്ഷയ്ക്ക് വിധേയനായി. മതനിന്ദാകുറ്റത്തിന്നരയായവർക്കെതിരെ ഭീകരവിരുദ്ധനിയമം കൂടി ചുമത്തപ്പെടുന്നു. ഇതിന് കോടതികളും കൂട്ടുനിൽക്കുന്നു. 2007 ജൂൺ 8-ന് സർഗോദ ജില്ലയിൽ അഹ്‌മദിയായ സയ്യിദ് അഹ്‌മദിനെ മതനിന്ദാകുറ്റം ചുമത്തി അറസ്റ്റ് ചെയ്തതിനുശേഷം അദ്ദേഹത്തിന്നെതിരെ ഭീകരവിരുദ്ധ നിയമത്തിലെ വകുപ്പുകൾ കൂടി ചേർത്തു. കഴിഞ്ഞവർഷം ജെയിംസ് മസീഹ് (65), ഭൂട്ടാ മസീഹ്(70) എന്നീ ക്രിസ്ത്യാനികളെ ഖുർആനെ നിന്ദിച്ചു എന്ന കുറ്റം ചുമത്തി ഭീകരവിരുദ്ധകോടതി 10 വർഷം തടവും 25,000/- രൂപ പിഴയും വിധിച്ചു.

കുട്ടികളേയും കൂടി കടന്നാക്രമിക്കാൻ ഭരണകൂടം തുടങ്ങിയിരിക്കുകയാണ്. 2007 ജനുവരി 26-ന് അഹ്‌മദീ കുട്ടികളായ നുസ്രത്ത് ജഹാൻ (11വയസ്സ്), ഉമൈർ അഹ്‌മദ്(8 വയസ്സ്), അഷ്ഫാഖ് അഹ്‌മദ്, റാഫി അഹ്‌മദ്, അബ്ദുൽ സത്താർ എന്നിവരെ ഖുശാബ് ജില്ലയിൽവച്ച് അഹ്‌മദിയ്യാ ബാലസാ

(ശേഷം 7-ാം പേജിൽ)

(5-ാം പേജിൽനിന്ന്)

അവർക്ക് സ്വാതന്ത്ര്യം നല്കുകയും ഓരോരുത്തർക്കും അതിന് അനുവാദം കൊടുക്കുകയും ചെയ്യണമെന്നാണെങ്കിൽ രാഷ്ട്രീയനേതാവെന്ന നിലയിൽ സ്വന്തം നാട്ടിൽ ആദ്യം കുറ്റവാളികൾക്കെല്ലാം പൂർണ്ണസ്വാതന്ത്ര്യം നല്കാനുള്ള നിയമം പാസാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയാണ് വേണ്ടത്. തോന്നിയതുപോലെ ഓരോരുത്തരും പ്രവർത്തിക്കട്ടെ.

ഏതെങ്കിലും ഒരു മതത്തിൽപ്പെട്ടവർ മാത്രമായിരിക്കില്ല കുറ്റവാളികൾ. എല്ലാ മതങ്ങളിലും കുറ്റവാളികളുണ്ട്. അപ്പോൾ മുസ്‌ലിംകളുടെ പിന്നാലെ മാത്രം കൂടിയിരിക്കുന്നതെന്തിനാണ്? ശാന്തിയോടും സമാധാനത്തോടുംകൂടി രാജ്യത്ത് വസിക്കുകയും രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുകയും ചെയ്യുന്നവരാണ് മുസ്‌ലിംകൾ.

എന്തായാലും നിരവധി മാന്യന്മാരും ദുഷ്പ്രകൃതക്കാരുമുണ്ടിവിടെ. എതിരാളികളുടെ ആക്ഷേപങ്ങൾക്ക് മറുപടി കൊടുക്കുന്നതോടൊപ്പം ധാർമ്മികതയെ ആദരിക്കുന്ന ഈ മാന്യന്മാരോട് നന്ദി പ്രകടിപ്പിക്കേണ്ടതും ഓരോ അഹ്‌മദിയുടേയും കടമയാണ്. അവർക്ക് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനവും നീതിയിലധിഷ്ഠിതമായ അല്ലാഹുവിന്റെ സന്ദേശവും എത്തിച്ചുകൊടുക്കേണ്ടതാണ്.

ലോകത്തെല്ലായിടത്തും പ്രശ്നങ്ങളാണ്. അതിന്റെ കാരണങ്ങളെന്താണെന്ന് അവർക്ക് പറഞ്ഞുകൊടുക്കണം. നിങ്ങൾ അല്ലാഹുവിൽനിന്നകന്നുപോകുകായണെന്നും നിങ്ങളെ സൃഷ്ടിച്ച ആ സ്രഷ്ടാവിനെ തിരിച്ചറിയുകയെന്നും അവരോട് പറയണം. പൊതുജനങ്ങൾക്കും ഏകനായ അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കണം. മനഃസമാധാനവും മനഃശാന്തിയും ദുൻയാവിലെ കണ്ണഞ്ചിപ്പിക്കുന്ന വസ്തുക്കളിലൂടെയും തമാശകളിലൂടെയും ലഹരിപദാർത്ഥങ്ങളിലൂടെയും ലഭിക്കുകയില്ലെന്ന് പറഞ്ഞുകൊടുക്കണം. മനഃശാന്തിക്കായി ഇവിടുത്തുകാർ പൊതുവെ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാറുണ്ട്. അതിലെല്ലാത്തരം ലഹരിപദാർത്ഥങ്ങളും പെടുന്നു. അല്ലാഹുവിലേക്കടുക്കുമ്പോഴാണ് സമാധാനം ലഭിക്കുന്നതെന്നും അതുകൊണ്ട് ഏകനും സകലശക്തികളുടേയും ഉടമസ്ഥനുമായ അല്ലാഹുവിനെ തിരിച്ചറിയണമെന്നും അവരോട് പറയുക. അതിരുകടന്ന് പ്രവർത്തിക്കുന്നവരുടേയും മതത്തിൽനിന്ന് വ്യതിചലിക്കുന്നവരുടേയും മതങ്ങളെ, പ്രത്യേകിച്ച്, ഇസ്‌ലാമിനെ നിന്ദിക്കുന്നവരുടേയും പിന്നാലെ പോകരുതെന്ന് ഉപദേശിക്കുക. അല്ലാഹു അതിർലംഘിക്കുന്നവരെ ശിക്ഷിക്കുന്നവനാണ്. അത്തരക്കാരോടും, അവർ അല്ലാഹുവിന്റെ ശിക്ഷയെ ക്ഷണിച്ചുവരുത്തരുതെന്നും അവന്റെ കോപത്തെ ജ്വലിപ്പിക്കരുതെന്നും പറയേണ്ടതാണ്.

ഈയ്യിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂകമ്പങ്ങളും പ്രളയങ്ങളുമെല്ലാം അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള മുന്നറിയിപ്പുകളാണ്. അതിർലംഘിക്കുന്നവർ അവന്റെ പിടിയിൽ വരുമെന്നതിന്റെ സൂചനകളാണ്. ലോകത്തിലെ ഒരു രാജ്യവും ഇന്ന് സുരക്ഷിതമല്ല. ഒരു വ്യക്തിയും സുരക്ഷിതനല്ല. ഹോളണ്ടിന്റെ അധികഭാഗവും സമുദ്രം നികത്തി നിർമ്മിച്ചിട്ടുള്ളതാണ്. പ്രളയം, ഉയർന്ന സ്ഥലങ്ങളേയും പർവ്വതങ്ങളേയുംപോലും വിടാറില്ലെന്ന കാര്യം ഓർക്കുക. ഈ സ്ഥലമാണെങ്കിൽ സമനിരപ്പായ സ്ഥലമാണ്. എന്നല്ല, ചില സ്ഥലം സമുദ്രനിരപ്പിൽനിന്ന് താഴ്ന്നതുമാണ്.

ഈ വർഷം ഒരുപാട് ഭൂകമ്പങ്ങളും വെള്ളപ്പൊക്കങ്ങളുമുണ്ടായി. ലോകത്ത് വലിയ വലിയ നാശങ്ങൾ വന്നു. മനുഷ്യൻ അല്ലാഹുവിനെ തിരിച്ചറിയുക എന്ന മുന്നറിയിപ്പാണ് ഇതിന്റെ പിന്നിലുള്ളത്. ഓരോ അഹ്‌മദിയും തങ്ങളുടെ മനസ്സ് പരിശുദ്ധമാക്കുന്നതോടൊപ്പം ഈ വിപത്തിൽനിന്ന് രക്ഷപ്പെടാനുള്ള ഒരേയൊരു വഴി ഏകനായ അല്ലാഹുവിനെ തിരിച്ചറിയുകയും അവന്റെ ഇഷ്ടദാസരെ പരിഹസിക്കാതിരിക്കുകയും ചെയ്യുക എന്നതാണെന്ന് ഓരോരുത്തർക്കും പറഞ്ഞുകൊടുക്കേണ്ട സമയമാണിത്. ഈ കുറച്ചു മാസങ്ങൾക്കുള്ളിൽ മുഴുലോകത്തുമുണ്ടായ വിപത്തുകളെ ഞാനൊന്ന് വിലയിരുത്തുകയുണ്ടായി. ലോകത്തിന്റെ എല്ലാ ഭാഗവും ഒരുപോലെ ഏതെങ്കിലും വിപത്തിന്റെ പിടിയിൽ വരുന്നത് ഇതാദ്യ

(ശേഷം 7-ാം പേജിൽ)

## പിന്നിട്ട നാളുകൾ

# മുഹമ്മദ് സാഹിബ്

**തയ്യാറാക്കിയത് – ഷാജിർ അഹ്മദ്**



**പേര്** : മുഹമ്മദ്.
ബാപ്പ : ഫക്രുദ്ദീൻ
ഉമ്മ : ഫാത്തിമ
സ്ഥലം : കളരാന്തിരി.

ഇതൊരു ശരാശരി മലപ്പുറം ജില്ലക്കാരന്റെ മുഖവുരയാണ്. ഈ മുഖവുരയിൽ നിന്നാണ് മുഹമ്മദ് ഫൈസി വരുന്നത്. എഴുപതുകളിൽ കോഴിക്കോട്-മലപ്പുറം ജില്ലകളിൽ പതിയെ വിരിഞ്ഞുതുടങ്ങിയ നവീനചിന്തയുടെ അംശം സിരകളെ ബാധിച്ച ഒരാളായിട്ടാണ് മുഹമ്മദ് സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നത്. മാതാപിതാക്കളുടെ ദീനീ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ദീനിന്റെ വഴിയെതന്നെ മക്കളും നടക്കാനിഷ്ടപ്പെട്ടു.

മുൻപേയുള്ള എസ്.എസ്.എഫ് ബന്ധം ഇവിടെ അനുബന്ധമായി ചേരുന്നുണ്ട്. പട്ടിക്കാട് ജാമിയ നൂരിയായിൽ മുഹമ്മദ് എത്തിച്ചേരുന്നത് അങ്ങനെയാണ്. ഇവിടെ പഠനം തുടരുമ്പോൾ ആശയങ്ങളുടെ മഴ പെയ്യാൻ തുടങ്ങുന്നതേയുള്ളൂ. നൈമിഷാരണ്യങ്ങളുടെ സാന്ദ്രദീപ്തിയിൽ പുതിയ രാത്രികൾ പിറക്കുന്നത് മുഹമ്മദ് അറിയുന്നത് ഇക്കാലത്താണത്രെ. ഇക്കാലയളവിൽ കാന്തപുരം സുന്നികളുടെ മുഖപത്രമായിരുന്ന മുബാറഖ് ന്യൂസിന്റെ ഏജന്റായും വേഷമിടുന്നുണ്ട്.

ജാമിയ നൂരിയക്കടുത്താണ് ജമാഅത്തെ ഇസ്‌ലാമിയുടെ ശാന്തപുരം കോളേജ്. പതിയെ ശ്രദ്ധ അങ്ങോട്ട് തിരിയാൻ തുടങ്ങി. ആശയത്തിന്റെ കാർക്കശ്യവും സംഘടനയുടെ ചട്ടക്കൂടും ഇവിടെ ശ്രദ്ധിക്കപ്പെടുന്നു. കൂടാതെ പുതിയ വീക്ഷണം മനസ്സിനെ ആകർഷിക്കുകയും ചെയ്യുന്നു. അവിടെ അക്കാലത്ത് എ.കെ അബ്ദുൽഖാദർ മൗലവി തുടങ്ങിയ പ്രഗത്ഭർ നിറഞ്ഞുനിന്നിരുന്നു.

എന്തായാലും 1981-ൽ മുഹമ്മദ്, ഫൈസി ബിരുദം കരസ്ഥമാക്കി. അപ്പോഴേയ്ക്കും മനസ്സിന്റെ ചലനമത്രയും ജമാഅത്തെ ഇസ്‌ലാമിയിലേക്ക് മാറിയിരുന്നു. മലപ്പുറത്തെ വേനലിന്റെ ധാർഷ്ട്യവുമായി മുഹമ്മദ് ഫൈസി ജമാഅത്തെ ഇസ്‌ലാമി കൂടാരത്തിലെത്തി. മുഴപ്പിലങ്ങാട്, പുന്നൂർ, തൊടുംഗപ്പാലം തുടങ്ങിയ പള്ളികളിൽ ഖത്വീബാകുന്നതാണ് അടുത്ത പരിണാമം. കൂടാതെ കക്കോടി ഇസ്‌ലാമിക് കോളേജിൽ അധ്യാപനവും. ഇങ്ങനെയിരിക്കേ ചില സംശയങ്ങൾ അലയടിക്കുന്നുണ്ട് മനസ്സിൽ.

ഇതിനിടെ, ജമാഅത്തെ ഇസ്‌ലാമിയുടെ നയങ്ങളിൽ ചില പാളിച്ചകൾ അനുഭവപ്പെട്ടു. രാഷ്ട്രീയത്തേയും മതത്തേയും കൂട്ടിക്കലർത്തിയുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ നീക്കങ്ങളും വൈരുദ്ധ്യം നിറഞ്ഞ പെരുമാറ്റവും സംശയത്തിന്റെ കരിനിഴൽ വീഴ്ത്തി. അപ്പോഴാണ് തോന്നുന്നത് ഇതൊന്നും ശരിയല്ലായെന്ന്. ഒന്നുപറയുന്നു, മറ്റൊന്ന് ചെയ്യുന്നു. ശരിയും തെറ്റും എവിടെയോ നില്ക്കുന്നു. ചുരുക്കത്തിൽ അകൽച്ച വർദ്ധിക്കുന്നുണ്ട്. ഈ ഘട്ടത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ചട്ടക്കൂടിൽനിന്ന് അകലുകയാണ്. ഈ അകൽച്ച ഒരു വല്മീകമായിരുന്നു. എല്ലാത്തിൽനിന്നും പിന്തിരിഞ്ഞ് പത്തപ്പിരിയത്തേക്ക് മടങ്ങി.

അവിടെ യാദൃശ്ചികമായി പള്ളിയിൽ ഒരുനാൾ ഖുത്ബ നല്കേണ്ടിവന്നു. അതോടെ സ്ഥിരമായി പത്തപ്പിരിയം പള്ളിയിൽ ഖത്വീബായി നിയമിക്കപ്പെടുകയായി. ഇതിനിടെ ഖാദിയാനി വിചാരവുമായി മുഹമ്മദ് ഫൈസി നടക്കുകയാണെന്ന് പ്രചരിക്കുകയും ചെയ്തു. ഒടുവിൽ 2001 നവംബറിൽ ജമാഅത്തെ ഇസ്‌ലാമി അവരുടെ സംഘടനാ ചട്ടകൂടിൽനിന്ന് മുഹമ്മദിനെ നീക്കം ചെയ്യുകയാണ്. ഇതിനുമുമ്പായി അകൽച്ച കുറക്കാനും ഖാദിയാനിസം പിൻവലിക്കാനുമുള്ള ശ്രമം നടത്തുന്നത് അന്നത്തെ ജമാഅത്തെ ഇസ്‌ലാമിയുടെ സംസ്ഥാന അമിർ സാക്ഷാൽ കെ. സിദ്ദീഖ് ഹസ്സൻ സാഹിബ് തന്നെയായിരുന്നു. മാത്രമല്ല എം.ഐ. അബ്ദുൽ അസീസ് (ഇപ്പോഴത്തെ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അസിസ്റ്റന്റ് സിക്രട്ടറി), സി.എച്ച്. അബ്ദുൾ ഖാദർ മൗലവി, ശൈഖ് മുഹമ്മദ് കാരകുന്ന് തുടങ്ങിയ അതിപ്രഗത്ഭർ സംസാരിച്ചു. പക്ഷേ, മലപ്പുറത്തെ നാട്ടുമ്പുറം തീരുമാനിച്ചാൽ അത് തീരുമാനമാണ്.

ഖാദിയാനിസം എന്തെന്നറിയണം അതിനായി പിന്നീടുള്ള യാത്ര. കോഴിക്കോട് പോകുന്നത് 2002 തുടക്കത്തിലാണ്. അവിടെ യൂസുഫ് സാഹിബ് കൊടുങ്ങല്ലൂർ സംവദിക്കുന്നു. പിന്നീട് മൗലവി മുഹമ്മദ് ഉമർ സാഹിബ് കൂടെ ചേരുന്നു. ഈ സംവാദങ്ങൾ സാർത്ഥകമായി തോന്നിതുടങ്ങി. അറിവിന്റെ സത്യസാക്ഷ്യം വെളിപ്പെടുമ്പോൾ ഹൃദയം കൊടുക്കാനല്ലാതെ എന്താണ് ചെയ്യുക? വേനൽ പതിയെ കത്തിത്തീരുന്നു. മഴയുടെ സാന്ദ്രലോലപടം യാഥാർത്ഥ്യമാകുന്നുണ്ട്. സ്വപ്നസാക്ഷ്യങ്ങളുമുണ്ട് ഈയവസരത്തിൽ. പിന്നെ 200—ൽ ബയ്അത്ത് ചെയ്യുന്നു. ഹൃദയം സമാധാനത്തിന്റെ ഗേഹമാകുന്നത് ഇപ്പോഴാണ്.

പിന്നീട് മുഹമ്മദ് സാഹിബ് ഖാദിയാനിൽ പോവുകയും മുഅല്ലിമായി ജമാഅത്തിന് സേവനമർപ്പിക്കുകയും ചെയ്തു. ഇത്തവണ ജൽസവേളയിൽ ഹുസൂറിനെ കണ്ടതും സംസാരിച്ചതും അലൗകികമായ അനുഭൂതിയായി മുഹമ്മദ് ഫൈസി കരുതുന്നു. ഭാര്യ സുഹറ. 4 മക്കൾ.

---

(6-ാം പേജിൽനിന്ന്)

മാണ്. എല്ലാ സ്ഥലങ്ങളിലും വിപത്തുകൾ ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഇനിയും ദൈവത്തെ തിരിച്ചറിയാൻ സമയമുണ്ടെന്ന് ലോകരോട് വിളിച്ചുപറയുക.

കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർക്ക് അല്ലാഹുവിന്റെ മുമ്പിൽ നില്ക്കക്കള്ളിയുണ്ടാവുകയില്ലെന്ന് ഇതെല്ലാം വിളിച്ചോതുന്നു. അവർ അതിർലംഘിക്കുമ്പോൾ അല്ലാഹുവിന്റെ ആട്ടുകല്ല് പ്രവർത്തിക്കാൻ തുടങ്ങുന്നു. ഈ ചെറിയ വെള്ളപ്പൊക്കവും ഭൂകമ്പവും പരമ്പരയായി ഈ വർഷം ലോകത്തുണ്ടായിരിക്കുകയാണ്. ഇതിൽനിന്ന് ജനങ്ങൾ പാഠം പഠിക്കണം. പാശ്ചാത്യരും പൗരസ്ത്യരും എല്ലാ മതക്കാരും മുസ്‌ലിംകളും മറ്റു മതവിശ്വാസികളും ഇക്കാര്യത്തെക്കുറിച്ച് ചിന്തിക്കണം. അതിന്റെ കാരണമന്വേഷിക്കണം. അല്ലാഹുവിന്റെ കോപം ജ്വലിച്ചുയരാനുള്ള കാരണമെന്താണ്? ഇക്കാലത്ത് അല്ലാഹുവിലേക്ക് വിളിച്ച ആ വിളിയാളന്റെ വാക്കുകളിൽ ചിന്തിക്കുക. 'ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ നാശങ്ങൾ വരുവാൻ താമസിക്കുമായിരുന്നു' എന്നാണ് ആ മഹാത്മാവ് പറഞ്ഞത്. ഈ നാശങ്ങളിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ഈ ആഗതനായ വ്യക്തിയുടെ വാക്കുകളിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും മറ്റു മതക്കാരും നിർമതക്കാരും ചിന്തിക്കേണ്ടതായി വരും. അല്ലാഹുവിലേക്ക് ക്ഷണിച്ച ആ മഹാത്മാവിന്റെ പ്രഖ്യാപനത്തിലേക്ക് ചെവിയോർക്കുക.
(ഖുത്ബ, 24.8.07)

---

(3-ാം പേജിൽനിന്ന്)

ഉൾക്കൊണ്ടുകൊണ്ട് ജീവിക്കണം' എന്ന് ഖാദിംകളോട് അദ്ദേഹം ആഹ്വാനം ചെയ്തു. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച ദുആകളും, നഫൽ നമസ്കാരവും നിർവ്വഹിക്കണം എന്ന നിർദ്ദേശത്തോടുകൂടിയാണ് അദ്ദേഹം തന്റെ ക്ലാസ്സ് അവസാനിപ്പിച്ചത്.

തുടർന്ന് ജനാബ് ഈസക്കോയ സാഹിബ്, ചൗധരി സഫ്റുല്ലാഹ്ഖാൻ സാഹിബ് എഴുതിയ 'എന്റെ ഉമ്മ' എന്ന കൃതിയെ ആസ്പദമാക്കി വളരെ ഹൃദയസ്പർശിയായ രീതിയിൽ ക്ലാസ്സെടുത്തു. ഖാദിംകൾ വായനാശീലം വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഓർമ്മിപ്പിച്ചു. ഹൃദയസ്പൃക്കായ അദ്ദേഹത്തിന്റെ ക്ലാസ്സിനു ശേഷം ഖാദിംകളുടെ സംശയനിവാരണത്തിന് അവസരം നല്കി. സംശയങ്ങൾക്ക് മൗലവി ഗുലാം ഇസ്മാഈൽ സാഹിബ് മറുപടി നല്കി.

പിന്നീട് മൗലവി ഗുലാം ഇസ്മാഈൽ സാഹിബ് മസീഹ് മൗഊദ്(അ)ന്റെ രചനാശൈലിയെക്കുറിച്ച് ക്ലാസ്സെടുത്തു. സ്വന്തമായ ഒരു ഭാഷാശൈലിതന്നെ അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഉറുദു, ഫാർസി തുടങ്ങിയ പല ഭാഷകളിലും അദ്ദേഹം ഗ്രന്ഥരചന നടത്തിയിരുന്നു. ഒരു സാധാരണ മനുഷ്യന് അസാധ്യമായ രീതിയിൽ ധാരാളം ഗ്രന്ഥങ്ങളും അവിടുത്തെ തിരുഹസ്തങ്ങളാൽ രചിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ രചനകളിലെ ഏറ്റവും വലിയ സവിശേഷത മനുഷ്യമനസ്സിന്റെ ഉള്ളിലെ ചിന്തകളെ തൊട്ടുണർത്തുന്ന ആ ഭാഷയായിരുന്നു എന്നദ്ദേഹം എടുത്തുപറഞ്ഞു. മസീഹ്



മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള ഗഹനമായ അദ്ദേഹത്തിന്റെ ക്ലാസ്സിനു ശേഷം ജനാബ് എ.എം. മുഹമ്മദ് സലീം സാഹിബ് 'റവലേഷൻ, റേഷണാലിറ്റി' യെക്കുറിച്ച് ക്ലാസ്സെടുത്തു. ഹുസൂർ പത്ത് വർഷത്തോളമെടുത്ത് തയ്യാറാക്കിയതാണ് ഈ ബൃഹത്തായ കൃതി. ഈ ഗ്രന്ഥപാരായണം നമ്മെ വൈജ്ഞാനിക പ്രബുദ്ധതയിലേക്ക് നയിക്കുന്നതാണ്. ഖുർആനികജ്ഞാനത്തിന്റെ നിറകുടമാണ് ഈ മഹത്തായ കൃതിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രസ്തുത ഗ്രന്ഥം പാരായണം ചെയ്തുകൊണ്ട് അതിലെ അറിവിന്റെ ഭണ്ഡാരം ഖാദിംകൾ കരസ്ഥമാക്കണം എന്ന ഉപദേശത്തോടുകൂടി അദ്ദേഹം തന്റെ ക്ലാസ്സ് അവസാനിപ്പിച്ചു.

തുടർന്ന് മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് ഖാദിമീങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു. അഹ്മദിയുവാക്കൾ ലോകത്തിലെ എല്ലാ തുറകളിൽപ്പെട്ട അറിവുകളും കരസ്ഥമാക്കേണ്ടതാണ്, ഇത്തരം വിജ്ഞാനപ്രദമായ സദസ്സുകൾ ഇതിന് ഏറെ സഹായിക്കട്ടെ എന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ക്ലാസ്സുകൾക്കുശേഷം അതിനെ അടിസ്ഥാനമാക്കി നടന്ന ക്വിസ് പ്രോഗ്രാമിലും ഖാദിംകളുടെ സജീവ സാന്നിധ്യമുണ്ടായി. ക്യാമ്പിലെ മുഴുവൻ ക്ലാസ്സുകളേയും ആസ്പദമാക്കി നടന്ന ക്വിസ് തയ്യാറാക്കിയതും അവതരിപ്പിച്ചതും മൗലവി ജംഷാദ് സാഹിബായിരുന്നു. മാത്തോട്ടം ഖായിദ് ബി.എം. ഷൗക്കത്തലി സാഹിബ് നന്ദി പ്രകാശിപ്പിച്ചു. ചീഫ് മിഷണറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബിന്റെ നേതൃത്വത്തിലുള്ള ദുആയോടുകൂടി ക്യാമ്പ് അവസാനിച്ചു.

---

(6-ാം പേജിൽനിന്ന്)

ഹിത്യ പ്രസിദ്ധീകരണമായ തശീസുൽ ആസാൻ മാസികയിൽ വരിക്കാരായി എന്ന കുറ്റത്തിന് കേസെടുത്തു.

മതനിന്ദാ നിയമത്തിന് കേസെടുക്കപ്പെട്ട് കോടതി കുറ്റവിമുക്തരാക്കിയവർക്ക് സമാധാനത്തോടെ തുടർന്ന് ജീവിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ഷാഹിദ് മസീഹ് എന്നു പേരുള്ള ക്രിസ്ത്യാനിക്ക് മതനിന്ദാ കുറ്റം ചുമത്തിയതിനു ശേഷം ജാമ്യം ലഭിച്ചുവെങ്കിലും മുല്ലാക്കളിൽ നിന്നുള്ള ഭീഷണിയെത്തുടർന്ന് ഒളിവിൽ പോകേണ്ടിവന്നു.

മതന്യൂനപക്ഷങ്ങൾക്ക് സർക്കാർ ജോലികൾ നല്കാൻ വിസമ്മതിക്കുന്നു. 2006-ലെ സർക്കാർ ജീവനക്കാരെക്കുറിച്ചുള്ള സെൻസസിൽ 97.5% പേരും മുസ്‌ലിം ജീവനക്കാരാണുള്ളത്. 2.01% ക്രിസ്ത്യാനികളും 0.21% ഹിന്ദുക്കളും, 0.11% അഹ്മദികളും സിവിൽ സർവ്വീസിൽ ജോലി ചെയ്യുന്നു. ആകെ 250 അഹ്മദികൾക്കു മാത്രമേ സർക്കാർ ജോലിയുള്ളൂ. അഹ്മദിയാണെന്ന ഒറ്റക്കാരണത്താൽ ജനാബ് അംജാദ് മഹ്മൂദ് സാഹിബിനെ ആറ്റമിക് എനർജി കമ്മീഷനിൽനിന്നും 2007 മെയ് 15-ന് പിരിച്ചുവിട്ടു.

ജൂലായ് 2003 മുതൽ ഹജ്ജിനായി അഹ്മദികൾക്ക് മക്കയിലേക്ക് പോകണമെങ്കിൽ മിർസാ ഗുലാം അഹ്മദ് സൂത്രക്കാരനും മതപരിത്യാഗിയുമാണെന്ന് എഴുതി ഒപ്പിട്ടു നല്കിയ സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിയമം കൊണ്ടുവന്നിട്ടുണ്ട്. 2005 മാർച്ചിൽ പാസ്പോർട്ടുകളിൽ മതം ഏതാണെന്ന് രേഖപ്പെടുത്തണമെന്ന നിയമവും കൊണ്ടുവന്നു. നാഷണൽ ഐഡന്റിറ്റി കാർഡിനുള്ള അപേക്ഷയിൽ 'അന്ത്യപ്രവാചകത്വത്തിൽ വിശ്വസിക്കുന്നു' എന്ന സർട്ടിഫിക്കറ്റ് നല്കണമെന്ന വ്യവസ്ഥകൂടി ഇപ്പോൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

1983-ൽ അഹ്മദികൾക്ക് അവരുടെ വിശ്വാസങ്ങൾ പ്രകടിപ്പിക്കാനോ പൊതുയോഗം നടത്താനോ ഉള്ള അവകാശം നിഷേധിച്ചിരിക്കുകയാണ്. 1989 ഡിസംബർ 15-ന് ലാഹോറിലുള്ള പിഞ്ചുകുഞ്ഞുങ്ങളടക്കം എല്ലാ അഹ്മദികൾക്കെതിരെയും FIR. 367/89 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. ആ കേസ് ഇപ്പോഴും നിലനില്ക്കുന്നു. 2007 ജനുവരി 22-ന് ലാഹോറിൽ അഹ്മദിയായ ജനാബ് താരിഖ് മഹമൂദ് പാനിപ്പത്ത് നടത്തിവന്നിരുന്ന പ്രസ്സ് റെയ്ഡ് ചെയ്ത് സീൽ ചെയ്തു. 2006 സെപ്തംബർ 9-ന് അൽഫസലിന്റെ ഓഫീസും റെയ്ഡ് ചെയ്ത് സുൽത്താൻ അഹ്മദ് ഭോഗറിനെ ഭീകരവിരുദ്ധ നിയമ കുറ്റമടക്കം ചുമത്തി അറസ്റ്റു ചെയ്തു.

ന്യൂനപക്ഷങ്ങൾക്ക് അവരുടെ സാമൂഹ്യ സാംസ്കാരിക അവകാശങ്ങൾ സർക്കാർ നിഷേധിച്ചുവരികയാണ്. അവരുടെ ഭൂമിയും മറ്റു സ്വത്തുക്കളും ആരാധനാലയങ്ങൾ പോലും ബലം പ്രയോഗിച്ച് പിടിച്ചെടുക്കപ്പെടുകയാണ്. 2006 ജൂലായിൽ കറാച്ചിയിലെ പൻവാൾദാസ് കോമ്പൗണ്ടിൽനിന്ന് ഹിന്ദുക്കളെ ബലം പ്രയോഗിച്ച് ഒഴിപ്പിക്കുകയും അവിടെയുണ്ടായിരുന്ന ശിവമന്ദിരം പോലീസ് സഹായത്തോടെ അറവുശാലയാക്കി മാറ്റുകയും ചെയ്തു. ലാഹോറിൽ കമേഴ്സ്യൽ കോംപ്ലക്സ് പണിയുന്നതിനായി ശ്രീകൃഷ്ണക്ഷേത്രം തകർത്തു. മുസഫർഗാ ജില്ലയിൽ 4 ക്രിസ്ത്യാനികളുടെ കൈവശമുണ്ടായിരുന്ന 40 ഏക്കർ കൃഷിയിടം ബലം പ്രയോഗിച്ച് ഒഴിപ്പിക്കുകയും റവന്യൂ അധികാരികളുടെ സഹായത്തോടെ മുസ്‌ലിംകൾ കൈക്കലാക്കുകയും ചെയ്തു. 2007 ഏപ്രിൽ 22-ന് ലാഹോർ പോലീസ് അഹ്മദികൾ ഖബർസ്ഥാൻ വിപുലീകര

(ശേഷം 8-ാം പേജിൽ)

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# എദ് ഹുസൈൻ; ദ ഇസ്‌ലാമിസ്റ്റ്

*ലോകവ്യാപകമായി പരക്കെ ചർച്ച ചെയ്യപ്പെടുന്ന ഒരു പുസ്തകത്തിന്റെ പേരാണ് ദി 'ഇസ്‌ലാമിസ്റ്റ്'. ഇന്ത്യൻ വംശജരായ മുസ്‌ലിം ദമ്പതികൾക്ക് ലണ്ടനിൽ പിറന്ന മുഹമ്മദ് മഹബൂബ് ഹുസൈൻ എന്ന എദ് ഹുസൈൻ ആണ് ഈ പുസ്തകത്തിന്റെ കർത്താവ്. വെറും മുപ്പത്തിരണ്ട് വയസ്സുമാത്രം പ്രായമുള്ള ഹുസൈന്റെ പരിണാമപരമായ അനുഭവങ്ങളുടെ സമാഹരണമായി ഇതിനെ കാണാം. എദ്ഹുസൈൻ രാഷ്ട്രീയ ഇസ്‌ലാമിനെക്കുറിച്ച് ഗുലാം സർവർ എഴുതിയ പുസ്തകം വായിക്കേണ്ടി വന്നപ്പോഴാണ് അയാളുടെ അനുഭവങ്ങളുടെ ഗതി നിർണ്ണയിക്കപ്പെടുന്നത്. സ്വാഭാവികമായും ജമാഅത്തെ ഇസ്‌ലാമിയുടെ ബ്രിട്ടനിലെ യുവജനവിഭാഗമായ യംഗ് മുസ്‌ലിം ഓർഗനൈസേഷനുമായി ഹുസൈൻ ബന്ധപ്പെടുന്നു. മൗദൂദിയുടെ പുസ്തകങ്ങൾ അങ്ങനെ കൂടുതലായി ഹുസൈന് വായിക്കേണ്ടി വന്നു. അപ്പോൾ മനസ്സിലായത് ലോകത്ത് രണ്ട് വിഭാഗങ്ങളേയുള്ളൂവെന്നാണ്, വിശ്വാസികളായ മുസ്‌ലിംകളും, അവിശ്വാസികളായ കാഫിറുകളും.*

*പിന്നീട് ഈജിപ്തിലെ സയ്യിദ് ഖുത്തുബിന്റെ കൃതികളാണ് എദ്ഹുസൈനെ സ്വാധീനിച്ചത്. മൗദൂദിയുടെ മറ്റൊരു പതിപ്പായ ഖുത്തുബ് രചിച്ച നാഴികക്കല്ലുകൾ എന്ന ഗ്രന്ഥം പ്രത്യേകമായി ഹുസൈൻ ശ്രദ്ധിച്ചു. ഈ പുസ്തകത്തിൽ ജാഹിലിയതയ്ക്കെതിരെ ജിഹാദ് നടത്തണമെന്ന് ഖുത്തുബ് തുറന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. ഇക്കാലയളവിൽ കാമ്പസുകളിൽ ഇസ്‌ലാമിക പ്രചരണവുമായി ഹുസൈനും കൂട്ടരും സഞ്ചരിച്ചു. പെൺകുട്ടികളെ മൂടുപടത്തിലേക്ക് നിർബന്ധിച്ച് പറഞ്ഞയക്കൽ ഇവരുടെ ഒരു പ്രധാന പരിപാടിയായിരുന്നു. പിന്നീട് ബോസ്നിയായിൽ മുസ്‌ലിംകൾക്കെതിരെ വംശീയകലാപം ഉണ്ടായപ്പോൾ 'ഹിസ്ബുത്വാഹിർ' എന്ന അതിതീവ്രവാദ പ്രസ്ഥാനത്തിലേക്കാണ് എദ്ഹുസൈൻ എത്തിപ്പെട്ടത്. ഒട്ടേറെ രാജ്യങ്ങളിൽ പട്ടാള അട്ടിമറിയിലൂടെയാണെങ്കിലും ഭരണം പിടിച്ചെടുത്ത് ഇസ്‌ലാമിക ഖിലാഫത്ത് കൊണ്ടുവരണം എന്ന് ചിന്തിക്കുന്നവരത്രെ ഹിസ്ബുത്വാഹിർ. പലസ്തീനിൽ ജനിച്ച താഹ നദാനിയുടെ സൃഷ്ടിയാണിത്. ഇദ്ദേഹത്തിന്റെ പുനരുജ്ജീവനപാത ഉൾപ്പെടുന്ന കൃതികൾ എദ്ഹുസൈനെ ആവേശംകൊള്ളിച്ചു. എന്നാൽ, കുറേക്കഴിഞ്ഞപ്പോൾ നദാനിയുടെ അതികേന്ദ്രീകൃത ഭരണം ഉൾക്കൊള്ളുന്ന ആശയത്തെക്കുറിച്ചും എദ്ഹുസൈന് ആകുലതകളുണ്ടായി.*

*പിന്നീട് ഇസ്‌ലാമിലെ സൂഫിചിന്തയുമായി എദ്ഹുസൈൻ പരിചയപ്പെട്ടു. ഇതിലൂടെ അക്രമം, ജിഹാദ്, നിർബന്ധം തുടങ്ങിയവ മാറ്റിവെച്ചാലും ഇസ്‌ലാം ബാക്കിയുണ്ടെന്ന് ഇദ്ദേഹം മനസ്സിലാക്കി. ചുരുക്കത്തിൽ അതിതീവ്രവും, അപകടവുമായ സഞ്ചാരങ്ങളിലൂടെ ചിന്തയേയും പ്രവർത്തിയേയും നശിപ്പിച്ച ഒരു യുവാവിന്റെ മോചനത്തിന്റെ കഥയാണിത്. മൗദൂദി, ഖുത്തുബ്, നദാനി തുടങ്ങിയ ഒരേ തൂവൽപക്ഷികൾ സ്വരുക്കൂട്ടുന്ന വക്രീകരിച്ച ഇസ്‌ലാമിന്റെ പൊയ്ക്കാൽ കുതിരകൾ ഒട്ടേറെ യുവാക്കളിൽ ഇങ്ങനെ അനുരണനങ്ങൾ സൃഷ്ടിക്കുന്നു. ഈ ചിന്താസരണികൾ മലീമസമാക്കുന്നത് ഇസ്‌ലാം എന്ന സാർവ്വസാഹോദര്യത്തെയാണ്. മറ്റൊരു കാര്യം സൂഫിസത്തിലുപരി സൗമ്യദീപ്തമായ ഇസ്‌ലാം എദ്ഹുസൈൻ പരിചയപ്പെടാനിരിക്കുന്നേയുള്ളൂവെന്നാണ്. പ്രാർത്ഥനകളിൽ സമാധാനത്തിന്റെ കൂടാരങ്ങൾ മാത്രം നിറയുന്നത് എദ്ഹുസൈന്മാർ കാണുന്നകാലം നിശ്ചയിക്കപ്പെട്ടതാണ്.*

(7-ാം പേജിൽനിന്ന്)

ണത്തിന് വാങ്ങിയ 6 ഏക്കർ സ്ഥലത്തിന്റെ ചുറ്റുമതിൽ ബുൾഡോസർ ഉപയോഗിച്ച് തകർത്തു. ഖബർസ്ഥാൻ വിപുലീകരിക്കാൻ അനുവദിക്കുകയില്ലെന്ന നിലപാടിലാണ് തീവ്രവാദികൾ.

ന്യൂനപക്ഷങ്ങൾക്ക് നിയമപരിരക്ഷ നല്കുന്നതിലും സർക്കാർ പരാജയപ്പെടുകയാണ്. അമുസ്‌ലിംകൾ നല്കുന്ന കേസുകൾ രജിസ്റ്റർ ചെയ്യാൻ പോലീസ് കൂട്ടാക്കുന്നില്ല. 2007 ഏപ്രിൽ 8-ന് 12 വയസ്സുള്ള ഒരു ക്രിസ്ത്യൻ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി മാനഭംഗപ്പെടുത്തിയ പ്രതികളിൽ ഒരാളെ കാട്ടികൊടുത്തിട്ടും അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറായില്ല. ഹിന്ദുക്കളെ വ്യാപകമായി തട്ടിക്കൊണ്ടുപോകുകയും പണം നല്കിയാൽ മോചിപ്പിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. 2007 ഫെബ്രുവരി 6-ന് ഹിന്ദു എഞ്ചിനീയറെ തട്ടിക്കൊണ്ടുപോകുകയും പിന്നീട് സിന്ധിലുള്ള ഒരു മദ്രസ്സയിൽവച്ച് വധിക്കുകയും ചെയ്തു. ഭീകരരിൽ നിന്നുള്ള ഭീഷണിയെത്തുടർന്ന് പല പ്രവിശ്യകളിൽനിന്നും ക്രിസ്ത്യാനികൾ ഒഴിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്.

വരുന്ന പൊതുതിരഞ്ഞെടുപ്പിനുവേണ്ടി 2007 ജൂൺ 12-ന് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച പൊതുവോട്ടർ പട്ടികയിൽ നിന്നും അഹ്മദികളെ ഒഴിവാക്കുകയും അവർക്കായി പ്രത്യേകം ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. 20%ത്തോളം അമുസ്‌ലിം വോട്ടർമാരുടെ പേരുകൾ വോട്ടേർസ് ലിസ്റ്റിൽനിന്നും നീക്കം ചെയ്തു. ന്യൂനപക്ഷങ്ങൾക്ക് വോട്ടവകാശം നിഷേധിക്കാനുള്ള ആസൂത്രിത നീക്കമാണിതിനു പിന്നിൽ. എന്നാൽ, എല്ലാ വോട്ടർമാരേയും ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി ഉത്തരവ് നല്കിയത് പ്രതീക്ഷ വളർത്തിയിട്ടുണ്ട്.

ബലൂചി മേഖലകളിൽ വ്യാപകമായ ബോംബാക്രമണവും സൈനിക നടപടികളുമാണ് സ്വീകരിച്ചിരിക്കുന്നത്. നൂറുകണക്കിന് ബലൂചികളെ കാരാഗൃഹത്തിൽ അടച്ചിട്ടുണ്ട്. 4000 ബലൂചികൾ പാക്ക് സൈന്യത്തിന്റെ തടവറയിലുണ്ടെന്നാണ് കണക്ക്. നിരവധി യുവാക്കളെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തുക പതിവാണ്. ബലൂചികൾ കഴിയുന്ന അഭയാർത്ഥി ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ നല്കപ്പെടുന്നില്ല. ക്യാമ്പുകളിലെ 8000ത്തോളം പേർ വേണ്ടത്ര പരിചരണം ലഭിക്കാത്തതിനാൽ മരണപ്പെട്ടതായി കണക്കാക്കുന്നു. വെള്ളം, ഭക്ഷണം, വസ്ത്രം, വൈദ്യുതി എന്നിവ തീർത്തും അപര്യാപ്തമാണ്.

പാക്കിസ്ഥാനിലെ നിയമവാഴ്ച പൂർണ്ണമായും തകർന്നിരിക്കുന്നു. താലിബാൻ മോഡൽ വാഴ്ച സർക്കാർ ഏറ്റുപിടിക്കുന്നതോടെ ഭീകരവാഴ്ച കൂടുതൽ ശക്തിപ്പെട്ടു. ട്രൈബൽ ഏരിയകളിൽ നിയമം പേരിൽ മാത്രമേയുള്ളൂ.

CERD കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ ഏഷ്യൻ സെന്റർ പാക്കിസ്ഥാൻ സർക്കാരിന് താഴെ ചേർത്ത നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

1. ഒരു വർഷത്തിനുള്ളിൽ ഇതുവരെ സമർപ്പിക്കാത്ത മുഴുവൻ വാർഷിക റിപ്പോർട്ടുകളും വിശദമായി നല്കുക. CERD കണ്ടെത്തിയ വിഷയങ്ങളിൽ വ്യക്തവും വിശദവുമായ മറുപടി നല്കുക.

2. എല്ലാ വിഭാഗം ന്യൂനപക്ഷങ്ങൾക്കും സമസ്ത മേഖലകളിലും പരിഗണന നല്കുക.

3. മതസ്വാതന്ത്ര്യം ഉറപ്പുവരുത്തി അവരവരുടെ മതവിശ്വാസങ്ങൾക്കനുയോജ്യമായ രീതിയിൽ സത്യപ്രതിജ്ഞ ചെയ്യാൻ അനുവദിക്കുക.

.4. വിദ്യാഭ്യാസവകുപ്പ് അംഗീകരിച്ച മതവിദ്വേഷം വളർത്തുന്ന എല്ലാ സിലബസുകളും പാഠഭാഗങ്ങളും പിൻവലിക്കുക.

5. മതനിന്ദാ നിയമവും പാക്കിസ്ഥാൻ പീനൽകോഡിലെ 295A, 295B, 295C, 298A, 298B എന്നീ വകുപ്പുകൾ റദ്ദ് ചെയ്യുക.

6. കുട്ടികൾക്കെതിരെ ചുമത്തപ്പെട്ടിട്ടുള്ള മതനിന്ദാ നിയമത്തിൽ മുതിർന്നവർക്കുള്ള വകുപ്പുകൾ പിൻവലിക്കുക.

7. സർക്കാർ ജോലികളിൽ ന്യൂനപക്ഷങ്ങൾക്ക് ആനുപാതിക പ്രാതിനിധ്യം നല്കുക.

# തസ്‌ലിമയും ലജ്ജയും

*ഏതാനും ദിവസങ്ങൾക്കു മുമ്പ് തസ്‌ലിമ നസ്രിൻ ഹൈദരാബാദിലെ പ്രസ്സ്ക്ലബ്ബിൽ ആക്രമത്തിന്നിരയായി. തന്റെ 'ലജ്ജ' എന്ന പുസ്തകത്തിന്റെ തെലുങ്കു പതിപ്പായ 'ശോധ്' പ്രകാശനം ചെയ്യുന്ന ചടങ്ങിനെത്തിയതായിരുന്നു അവർ. എം.ഐ.എം എന്ന മുസ്‌ലിം സംഘടന അതും രണ്ട് എം.എൽ.എമാരുടെ നേതൃത്വത്തിലാണ് അവരെ ആക്രമിക്കുന്നത്. ഹൈദരബാദിൽനിന്ന് ഉടൻ രക്ഷപ്പെടാനായിരുന്നു അക്രമകാരികളുടെ കല്പന.*

*ഇതിന്റെ മറുവശം എന്തായിരുന്നു? തസ്‌ലിമയുടെ ലജ്ജ എന്ന നോവൽ പ്രതിപാദിക്കുന്നത് ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ബംഗ്ലാദേശിലെ ന്യൂനപക്ഷ ആരാധനാലയങ്ങൾക്കു നേരെ നടന്ന ആക്രമണപരമ്പരകളെയാണ്. ഇതേ തുടർന്നാണ് ബംഗ്ലാദേശിൽ അവർക്കുനേരെ അക്രമങ്ങളുണ്ടായതും ഇന്ത്യയിലേക്ക് അഭയാർത്ഥിയായി വന്നതും. എന്തായാലും ലജ്ജ എന്ന നോവലിന്റെ സാഹിത്യപരമായ വിലയേക്കാളുപരി അത് നേടിയെടുത്ത വാർത്താപ്രാധാന്യമാണ് ചർച്ച ചെയ്യപ്പെട്ടത്. മൂന്നാംകിട എന്നുതന്നെ പറയാവുന്ന ഈ നോവലിലൂടെ ഇവർക്ക് അനാവശ്യമായ 'പബ്ലിസിറ്റി' ലഭിച്ചു. കൂടാതെ പ്രതിഷേധപ്രകടനങ്ങളുടെ ധാർഷ്ട്യം ഇസ്‌ലാമിക സംസ്കാരചിന്തകളെ വളരെയധികം താഴേക്ക് കൊണ്ടുവരികയും ചെയ്തു. അസഹിഷ്ണുത എന്ന മുഖമുദ്രയെ കൂടുതൽ ആഴമുള്ളരീതിയിൽ പതിപ്പിക്കാൻ ഈ കോലാഹലങ്ങൾക്ക് കഴിഞ്ഞിരുന്നു. ഇതേകാര്യം തന്നെയായിരുന്നു മുമ്പ് സൽമാൻ റുഷ്ദിയുടെ കാര്യത്തിലും സംഭവിച്ചത്. ബംഗ്ലാദേശിലെ ന്യൂനപക്ഷ വിരുദ്ധമായ പടയണിയെ നയിക്കുന്ന മുല്ലാമാർ വിവരക്കേടുകൾ മൊത്തക്കച്ചവടക്കാരായതിനാൽ കൂടുതൽ പ്രതികരിക്കരുത്.*

*എന്നാൽ, ഹൈദരാബാദ് സംഭവത്തോടെ ബംഗ്ലാദേശിബാധ കൂടിയവർ ഇന്ത്യയിലുമുണ്ടെന്ന് തെളിഞ്ഞു. ഒരാൾക്ക് നിയമവിധേയമായ സർഗ്ഗസൃഷ്ടികൾ നടത്താനുള്ള സ്വാതന്ത്ര്യം ഇന്ത്യയിൽ ഉറപ്പു നല്കപ്പെട്ടിരിക്കുന്നു. അതിനോട് എതിർപ്പുള്ളവർക്ക് ക്രിയാത്മകമായ വിമർശന പ്രക്രിയയിൽ പങ്കെടുക്കാം. അല്ലെങ്കിൽ നീതിന്യായ വ്യവസ്ഥയെ ആശ്രയിക്കാം. ഇതിനൊരുങ്ങാതെ ഒരു സാഹിത്യകാരിയെ കയ്യേറ്റം ചെയ്യാനൊരുങ്ങുമ്പോൾ വിജയിക്കുന്നത് ഇസ്‌ലാമല്ല മറിച്ച്, ഇങ്ങനെയൊക്കെയാണ് ഇസ്‌ലാമെന്ന് ലോകത്തോട് പറയുന്ന ഫാസിസ്റ്റ് മുസ്‌ലിം വിരുദ്ധർക്കാണിവിടെ വിജയം. ഈ തിരിച്ചറിവുകൾ ഉണ്ടാകുന്നതിനുമപ്പുറത്താണ് മുസ്‌ലിം ജനസമാന്യത്തെ നയിക്കുന്നവർ ജീവിക്കുന്നത്.*

പുസ്തകാവലോകനം

# നിസാബെ തഅ്ലീം

എസ്. ഉദ്ദീൻ

ഏറെക്കാലമായി കേരളത്തിലെ അഹ്മദിയ്യാ മുസ്‌ലിം മദ്രസാ രംഗത്ത് ചർച്ച ചെയ്യപ്പെട്ടുവരുന്ന ഒരു പ്രധാന വിഷയമാണ് മദ്രസയിൽ ഒരു സ്ഥിരം പാഠ്യപദ്ധതി ആവിഷ്കരിക്കുക എന്നത്. നമ്മുടെ മദ്രസകളിൽ വിശുദ്ധഖുർആൻ അക്ഷരശുദ്ധിയോടെ ഓതിപ്പഠിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. കേന്ദ്രത്തിൽനിന്നും പുറത്തിറക്കുന്ന എസ്സർനൽ ഖുർആൻ അക്ഷരങ്ങൾ പഠിക്കുന്നതിനും അതുവഴി ഖുർആൻ ഓതിപഠിക്കുന്നതിനും ഏറെ സഹായകമാണ്. എന്നാൽ, ഒരു അഹ്മദി വിദ്യാർത്ഥി 15 വയസ്സാകുമ്പോഴേക്കും ആവശ്യമായ മതപഠനം പൂർത്തീകരിക്കുന്നതിന് ഉതകുന്ന ഒരു പാഠ്യപദ്ധതി നിലവിലുണ്ടായിരുന്നില്ല. വഖ്ഫെനൗ കുട്ടികൾക്ക് 15 വയസ്സിനുള്ളിൽ പഠിച്ചുതീർക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വഖ്ഫെ നൗ സിലബസ്സുണ്ട്. കേരളത്തിലെ മദ്രസ വിദ്യാർത്ഥികൾക്ക് ചിട്ടയായ രീതിയിൽ മതപഠനം സാധ്യമാക്കുന്ന ഒരു പാഠ്യപദ്ധതി നടപ്പിലാക്കാൻ കേരളാ മജ്‌ലിസ് അൻസാറുല്ലായെടുത്ത ധീരമായ തീരുമാനത്തിന്റെ അനന്തരഫലമാണ് ഇപ്പോൾ മൂന്നു ഭാഗങ്ങളായി നമ്മുടെ കൈകളിലെത്തിയിരിക്കുന്ന നിസാബെ തഅ്ലിം എന്ന പുസ്തകം. അല്ലാഹുവിനെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും വളരെ ലളിതമായി പഠിക്കാനുതകുന്ന ഇതിൽ ജീവിതത്തിൽ പാലിക്കേണ്ട നല്ല ശീലങ്ങൾ, ഹദീസ്, ഖലീഫമാരുടെ ലഘുചരിത്രം, വാഗ്ദത്ത മഹ്ദി(അ) എന്നീ കാര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഹൃദ്യമാകുന്ന തരത്തിൽ പദ്യരൂപത്തിലും ചിത്രങ്ങളോടുകൂടി കാര്യങ്ങൾ വിവരിക്കുന്ന ഇതിൽ ഏതാനും പദ്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. മദ്രസ വിദ്യാർത്ഥികൾക്ക് ജിജ്ഞാസയുണ്ടാക്കുന്ന തരത്തിൽ ഇത് തയ്യാറാക്കുന്നതിൽ മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ് വിജയിച്ചിട്ടുണ്ട്. അതിന് അദ്ദേഹത്തെ സഹായിച്ച മുഹമ്മദ് സഫ്ഫാൻ സാഹിബും പ്രശംസയർഹിക്കുന്നു. മദ്രസാരംഗത്ത് മുതൽക്കൂട്ടാകുന്ന ഈ പുസ്തകം തയ്യാറാക്കുന്നതിന് നേതൃത്വം നല്കിയ കേരള മജ്‌ലിസ് അൻസാറുല്ലാഹ് ഒരു സ്തുത്യർഹമായ സേവനമാണ് നടത്തിയിട്ടുള്ളത്.

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.